# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 2, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--391]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 841 മുതൽ 974 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 975 മുതൽ 1031 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 1032 മുതൽ 1159 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 1160 മുതൽ 1231 വരെ |

**അട്ടപ്പാടിയിലെ ആദിവാസികൾക്ക് വ്യക്തിഗത വനാവകാശമായി ഭൂമി**

841 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ആദിവാസികൾക്ക് വ്യക്തിഗത വനാവകാശമായി എത്ര ഏക്കർ ഭൂമി നൽകിയെന്നും ഇതിൽ എത്ര ഏക്കർ ഭൂമി സർവ്വേ ചെയ്ത് കല്ലിട്ടു നൽകിയെന്നും വില്ലേജും ഊരുകളും തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ?

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ**

842 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ വിവിധ സർക്കാർ പദ്ധതികൾ മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വീട് ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വീട് ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ചു വ്യക്തമാക്കുമോ?

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ**

843 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ വിവിധ സർക്കാർ പദ്ധതികൾ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വീട് ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ച ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വീട് ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ച ലഭ്യമാക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾ</u>

844 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിലൂടെ 2011-2016 കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ വിസ്തീർണ്ണം വരുമെന്ന് വ്യക്തമാക്കുമോ; ഭൂമി ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ച വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതു വരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ ഭൂമി വരുമെന്ന് വിശദമാക്കാമോ; ഭൂമി ലഭ്യമായവരുടെ എണ്ണം പ്രത്യേകം പട്ടികയായി ലഭ്യമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

845 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയും പാറശ്ശാല മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് സർക്കാർ നൽകുന്ന ധനസഹായം നിലവിൽ എത്ര രൂപയാണെന്നും പാറശ്ശാല മണ്ഡലത്തിൽ ഈ കാലയളവിനുള്ളിൽ എത്ര പേർക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഭൂമിക്കായി അപേക്ഷ സമർപ്പിച്ച പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ കാലതാമസമില്ലാതെ ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതി വിവരങ്ങൾ</u>

846 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടെങ്കിൽ അവരുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) കുറഞ്ഞത് 10000 രൂപ പ്രതിമാസം വരുമാനം ലഭിക്കാത്ത എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെങ്കിൽ അവരുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരായ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട വ്യക്തികളുടെ എണ്ണം വകുപ്പിൽ ലഭ്യമാണോ;

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വേണ്ടി സർക്കാർ സാമ്പത്തിക പിന്തുണയോ വായ്പയോ നൽകിയിട്ടുണ്ടോ; എങ്കിൽ 2016 മുതൽ നാളിതുവരെ എത്ര വ്യക്തികൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(എഫ്) സ്വന്തമായി വീടും സ്ഥലവുമില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും കുടുംബങ്ങൾ തിരൂർ മണ്ഡലത്തിൽ ഉണ്ടെങ്കിൽ അവരുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ?

## ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനം

847 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ നിരവധി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആറളം മേഖലയിൽ 44-ഓളം ആദിവാസി കുടുംബങ്ങൾ ദയനീയ അവസ്ഥയിൽ ജീവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആശ്വാസം നൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ ലാന്റ് ബാങ്ക് പദ്ധതി

848 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര

പേർക്ക് നാളിതുവരെ ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ആലപ്പുഴ മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി

849 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ വിസ്തീർണ്ണം വരുമെന്ന് വ്യക്തമാക്കുമോ; ഭൂമി ലഭ്യമായവരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതു വരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ ഭൂമി വരുമെന്ന് വിശദമാക്കാമോ; ഭൂമി ലഭ്യമായവരുടെ എണ്ണം പ്രത്യേകം പട്ടികയായി ലഭ്യമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സേഫ് പദ്ധതി

850 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സേഫ് പദ്ധതി പ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുകകൾ എത്രയെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

## ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം

851 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്) നിന്ന് നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണം

852 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചെങ്ങാലൂർ വില്ലേജിലെ ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ.ഐ.എം. മോഹനന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ശ്രീ. ഐ.എം. മോഹനനു ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സേഫ് പദ്ധതിയിൽ ഭൂവിസ്തൃതിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഇരുനിലകളിലായി നിർമ്മാണം നടത്തുന്നതിനും, ചുരുങ്ങിയത് 1000 സ്ക്വയർഫീറ്റിൽ താഴെയുള്ള വീടുകൾക്ക് പഠനമുറി നിർമ്മാണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

853 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ എണ്ണം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ; ആയതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭവനരഹിതരായ ആളുകളുടെ എണ്ണം, ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എന്നിവ അറിയിക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം

854 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം 17.10.2025 ന് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് പതിനഞ്ച് വീടുകളായി നിർമ്മിക്കുന്നതിന് പകരം ഫ്ലാറ്റായി നിർമ്മിച്ച് ബാക്കി സ്ഥലം ഉപഭോക്താക്കൾക്ക് തന്നെ ഉപയോഗിക്കാമെന്നുള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഉപഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഭൂമിയുടെ വിവരങ്ങൾ</u>

855 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമയബന്ധിതമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ പത്തുവർഷ കാലയളവിൽ (2016-2026) പ്രസ്തുത വിഭാഗങ്ങൾക്ക് പതിച്ചുകൊടുത്ത ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) 2011-16 കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഭൂമിയുടെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്തു മാത്രം നൽകിയ ഭൂമിയുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാണോ; എങ്കിൽ അവ നൽകാമോ ?

## <u>"ആശിക്കും ഭൂമി ആദിവാസികൾക്ക്" പദ്ധതി</u>

856 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കും ഭൂമി ആദിവാസികൾക്ക് എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഏതെല്ലാം ജില്ലകളിൽ എത്ര ഏക്കർ ഭൂമി വീതം നൽകി; ഇതിനായി ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അഴിമതി നടന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;ഏതെല്ലാം ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്;

(സി) അഴിമതി നടന്നതുമായി ബന്ധപ്പെട്ട എത്ര റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ</u>

857 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ആയതിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസന പ്രവർത്തനങ്ങൾ

858 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് പഞ്ചായത്ത് തിരിച്ചും നഗറുകൾ തിരിച്ചും വിശദമാക്കാമോ;

(ബി) ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാളാഞ്ഞി കുളങ്ങരത്ത് നഗർ വികസനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മെയ് മാസം മുതൽ ഇതുവരെയായി പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഫണ്ട് തിരിച്ചും പ്രദേശം തിരിച്ചും വിശദമാക്കാമോ?

## മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

859 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2025-26 വർഷം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മുണ്ടയിൽപ്പടി ഉന്നതിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കുന്നതെന്നും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ: സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## വടയക്കണ്ടി കുംഭാരനഗർ വികസനം

860 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി കുംഭാരനഗറിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുൻകൈയെടുക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വടയക്കണ്ടി കുംഭാരനഗർ വികസനത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ഉന്നതികളുടെ നവീകരണം.

861 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കിയിരിക്കുന്നതെന്നും പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് നിയോജക മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ നാക്കിലംപാട് ഉന്നതിയിലെ ശോച്യാവസ്ഥ

862 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിൽ നാക്കിലമ്പാട് പട്ടികവർഗ്ഗ ഉന്നതി അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ശോച്യാവസ്ഥയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രത്യേക സാഹചര്യം പരിഗണിച്ച് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ പ്രസ്തുത ഉന്നതിയെ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ

863 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പട്ടികജാതി നഗറുകളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണത്തിന് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് നഗർ തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത നഗർ വികസനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

## നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി

864 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ എത്ര നഗറുകൾക്കാണ് ഫണ്ട് അനുവദിച്ചത്; വിശദമാക്കാമോ;

(ബി) ഓരോ നഗറിനും അനുവദിച്ച ഫണ്ട് എത്രയാണെന്ന് നഗറുകളുടെ പേരും സാമ്പത്തിക വർഷവും തിരിച്ച് വിശദമാക്കാമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഉന്നതി പദ്ധതി</u>**

865 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം ആര്യാട് നോർത്ത്, പന്നിശ്ശേരി എന്നീ ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ കൂടാതെ അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ പ്രവൃത്തികൾ</u>**

866 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ഉന്നതി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി ആരംഭിച്ചതെപ്പോഴാണെന്നും കരാറുകാരൻ ആരാണെന്നും ഉന്നതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നടന്നു വരുന്നതെന്നും ഭരണാനുമതി തുക എത്രയാണെന്നും ഉന്നതി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച സമയത്തിനുള്ളിൽ പ്രവൃത്തി തുടങ്ങാനോ പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

867 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ നഗറുകളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പട്ടികജാതി ഉന്നതികളെ ഈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മണ്ണാർക്കാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

868 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

## 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം

869 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തണ്ടങ്കല്ല് ഊരുകളിലെയും കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ് ഊരിലുമുള്ള ആദിവാസി കുടുംബങ്ങൾ ഇപ്പോഴും പ്ലാസ്റ്റിക് ഷീറ്റിനുള്ളിൽ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വിവിധ ഉന്നതികളുടെ വികസനം

870 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2016 മുതൽ ഇന്നുവരെ വിവിധ മോഡൽ ഉന്നതികൾ ഉൾപ്പെടെയുള്ള ഉന്നതികളുടെ വികസനത്തിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഉന്നതികൾക്കാണ് ഈ തുക അനുവദിച്ചതെന്നുമുള്ള വിവരങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

## മേരിഗിരി -രക്കാണി അംബേദ്കർ ഗ്രാമം പദ്ധതി

871 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ മേരിഗിരി -രക്കാണി അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; എന്ന് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി

872 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ വിവിധ ഉന്നതികളിൽ നടപ്പിലാക്കി വരുന്ന വികസന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ സംസ്ഥാന,ജില്ലാ തലങ്ങളിൽ വിലയിരുത്തുന്നതിന് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം ഉന്നതികളിൽ നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**<u>അരുവിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

873 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഏതെല്ലാം ഉന്നതികളുടെയും നഗറുകളുടെയും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതികൾ</u>**

874 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാള ഭാഷയിൽ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവരുടെ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോകലിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനും വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടുമെന്നത് അവരെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനത്തിന് ഉന്നതി സ്കോളർഷിപ്പ് പദ്ധതി</u>**

875 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനത്തിനായുള്ള ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഏതൊക്കെ വിദേശ സർവ്വകലാശാലകളുടെ ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യങ്ങൾ

876 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സരപ്പരീക്ഷകളിൽ കുട്ടികൾക്ക് സഹായകമാവുന്ന സാഹചര്യമൊരുക്കാൻ ഉന്നതികളിൽ മികച്ച ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ പെൺകുട്ടികൾക്ക് പഠനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവം

877 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കൊല്ലംകോട് ട്രൈബൽ ഓഫീസിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാഭ്യാസ ധനസഹായത്തിനായി നൽകിയ അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ എസ്. ടി. പ്രമോട്ടർമാർ വഴി നൽകിയ അപേക്ഷകൾ ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ സ്റ്റൈപെന്റ് വിതരണത്തിലെ കാലതാമസം

878 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/സ്റ്റൈപെന്റ് വിതരണം ചെയ്യുന്നതിൽ നിലവിൽ ഉണ്ടായിരുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## വിർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

879 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## നിലമ്പൂർ വനപ്രദേശ ഉന്നതികളിലെ വിദ്യാവാഹിനി പദ്ധതി

880 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ദുർഘട വനത്തിനകത്തും വനത്തോടു ചേർന്നും പൊതുഗതാഗത സംവിധാനം ഇല്ലാത്ത ഉന്നതികളിലെ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ നടപ്പിലാക്കിയ വിദ്യാവാഹിനി പദ്ധതിയിൽ സർക്കാർ നിരക്കിൽ യാത്രാസൗകര്യം ഒരുക്കുവാൻ വാഹനം ലഭ്യമാകാത്തതുമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം കുട്ടികളെ സ്കൂളിൽ എത്തിക്കാൻ അനുയോജ്യമായ യാത്രാനിരക്ക് പ്രാദേശിക തലത്തിൽ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി നൽകുന്ന വിദ്യാഭ്യാസ ഗ്രാന്റ് തുക

881 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലേയും പിന്നാക്ക വിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്കായി നൽകുന്ന വിദ്യാഭ്യാസ ഗ്രാന്റ് തുകയിൽ നിലവിൽ എത്ര കുടിശ്ശികയുണ്ടെന്നും ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

## പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

882 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ അകാരണമായ കാലതാമസം നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2017 മുതൽ 2022 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമവകുപ്പ് പ്രീമെട്രിക് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ സർവ്വെയോ പഠനമോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രീമെട്രിക് പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തിയ രീതിയേതെന്നും പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം

883 **ശ്രീ ഡി കെ മുരളി**
**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. കെ. ആൻസലൻ**

**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പുതിയതായി ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് പ്രവർത്തിച്ച വരുന്നതെന്ന് വിശദമാക്കാമോ;

(ബി) സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സമൂഹത്തിൽ മികച്ച അവസരങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനും ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വ്യക്തമാക്കാമോ;

(സി) 2016-2021 , 2021-2025 കാലയളവുകളിൽ ഈ സ്കൂളുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതി മൂലം പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്കായുള്ള പ്രവൃത്തികൾ

884 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്ഥാപനം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിനായി തദ്ദേശസ്ഥാപനം അടിസ്ഥാനത്തിൽ എത്ര തുക വീതം ചെലവഴിച്ച എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ധനസഹായ കുടിശ്ശിക

885 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾക്ക നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ ചികിത്സാസഹായ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച ലഭ്യമാക്കുമോ?

**ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി**

886 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐയിലെ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ പൂർത്തീകരണത്തിന് തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

**പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം**

887 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ ജില്ലയിൽ പുതുതായി ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

**പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി നടത്തിയ പദ്ധതികൾ**

888 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എ. രാജ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ സുരക്ഷയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2025 വരെ ഭക്ഷ്യസഹായ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ, വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ആധുനിക തൊഴിൽ മേഖലകളിൽ പട്ടിക - ഗോത്ര വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് വികസന മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടിക- ഗോത്ര വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ട്രൈബൽ വിദ്യാഭ്യാസ മേഖല**

889 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ട്രൈബൽ സ്കൂളുകളാണ് നിലവിലുള്ളത്;

(ബി) ട്രൈബൽ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണ്; തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ ഉന്നതികളിലെ വിദ്യാഭ്യാസ പുരോഗതിക്കായി സ്വീകരിച്ച നടപടികളെന്തെല്ലാം എന്ന് അറിയിക്കുമോ;

(ഡി) ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ഫെസിലിറ്റേറ്റർ എന്ന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

890 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ ഏകാദ്ധ്യാപകരായി ജോലി ചെയ്തു വന്നിരുന്നതും എന്നാൽ ഇപ്പോൾ ഫെസിലിറ്റേറ്റർ എന്ന തസ്തികയിൽ ജോലി ചെയ്തു വരുന്നവരുമായ എത്ര ജീവനക്കാർ സംസ്ഥാനത്ത് നിലവിലുണ്ട്; ജില്ലാ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതേ തസ്തികയ്ക്ക് സമാനമായി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ജോലി ചെയ്തിരുന്ന ജിവനക്കാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേ രീതിയിൽ പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ ഉള്ള ജീവനക്കാരുടെ സ്ഥിരനിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

891 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ അംബേദ്കർ ഗ്രാമ പദ്ധതിയും അതിന്റെ പുരോഗതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ചേലക്കര നിയോജക മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവർത്തികൾ

892 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ, വടക്കാഞ്ചേരി എന്നീ ബ്ലോക്ക് പട്ടികജാതി വികസന

ആഫീസിന് കീഴിൽ കോർപ്പസ് ഫണ്ട് മുഖേന അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ എണ്ണവും അതിനായി വകയിരുത്തിയ ആകെ തുകയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണവും ഓരോ പ്രവൃത്തികളുടെയും നിലവിലെ പുരോഗതിയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

## മണിമല മുക്കടയിലെ കളിസ്ഥലം വികസനം

893 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജിലെ മുക്കടയിൽ ഉള്ള സ്ഥലം പ്രയോജനപ്പെടുത്തി കളിസ്ഥലം വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്കായി തയാറാക്കിയ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്ത് ബഹു.മന്ത്രിക്ക് നൽകിയ 21-10-2025 ലെ 306/ജി.സി.ഡബ്ല്യ./2025 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന്റെ പുരോഗതി അറിയിക്കാമോ; നിലവിൽ അനുമതിക്ക് എന്തൊക്കെ തടസ്സങ്ങളാണ് ഉള്ളതെന്നും എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകുമെന്നും വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി

894 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചാക്കടി-കടമ്പവാരം, ചുട്ടയിൽ, കടമ്പറക്കോണം - ഭാസ്കർ, കരിമ്പാലോട്, വടശ്ശേരിക്കോണം അംബേദ്കർ, കരവാരം-പച്ചക്കുളം എന്നീ ഉന്നതികളിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രം നിർമ്മിക്കാൻ നടപടി

895 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂൾ വികസനം

896 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ വികസനത്തിനായി 2016 മുതൽ നാളിതുവരെ ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങളും അനുവദിക്കപ്പെട്ട തുകയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അറിയിക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനം

897 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കിവെച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ സേഫ് പദ്ധതി

898 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള സേഫ് പദ്ധതി പ്രകാരം എത്ര വീടുകളുടെ മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വിഭാഗത്തിനായും ചെലവഴിച്ച തുക സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## തരൂർ മണ്ഡലത്തിലെ പിച്ചാംകോട് നഗർ അംബേദ്കർ ഗ്രാമം പദ്ധതി

899 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദുർബല വിഭാഗ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടക്കുന്ന തരൂർ മണ്ഡലത്തിലെ പിച്ചാംകോട് നഗർ അംബേദ്കർ ഗ്രാമം പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനവും സമഗ്ര പുരോഗതിയും

900 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷമായി സംസ്ഥാന സർക്കാർ നൽകിയ സുരക്ഷിതത്വബോധവും ആത്മവിശ്വാസവും പട്ടികവർഗ്ഗ വിഭാഗത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ

എത്രത്തോളം നിർണായകമായ പങ്കുവഹിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ യുവാക്കളുടെ വിദ്യാഭ്യാസവും നൈപുണ്യ വികസനവും ലക്ഷ്യമാക്കി നടപ്പിലാക്കിയ വിവിധ പദ്ധതികൾ അവരുടെ പുരോഗതിയിൽ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാന സർക്കാരിന് കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിലും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഇ-ഗ്രാന്റ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന സർവ്വകലാശാലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനും കോമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിനുമായി നൽകിവരുന്ന സഹായം പത്ത് വർഷക്കാലമായി മുടക്കം കൂടാതെ തുടരുന്നതിനായി കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ</u>

901 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മണ്ണഴി-കോട്ടപ്പുറം, മൂർദ്ധാവ് എന്നീ പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2025-26 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ അർഹതയുള്ളതുമായ നഗറുകളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത നഗറുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കോന്നി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ</u>

902 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും കോന്നി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

903 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

904 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗറുകൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ നായരമ്പലം പഞ്ചായത്തിലെ തേങ്ങാത്തറ നഗറിലേയും ഞാറയ്ക്കൽ പഞ്ചായത്തിലെ വലിയവട്ടം നഗറിലേയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്</u>**

905 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ഉത്ഘാടനം നിർവഹിച്ച പുതിയ കെട്ടിടത്തിലേക്ക് നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കോളേജ് & ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നു മുതൽ പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ പദ്ധതികൾ</u>**

906 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ

പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## നാദാപുരം നിയോജക മണ്ഡലത്തിലെ പദ്ധതികൾ

907 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പുകൾക്ക് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## ധനസഹായം അനുവദിക്കാൻ നടപടി

908 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി പഞ്ചായത്തിൽ അയ്യമ്പിള്ളി ചെറുവൈപ്പ് ചിരട്ടാൻ വീട്ടിൽ രമേശൻ ഭാര്യ ഷൈലയ്ക്ക് ഏകവരുമാന ദായകനായ ടിയാളുടെ ഭർത്താവിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് ലഭിക്കേണ്ട ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) 23.02.2018-ൽ ഹൃദയാഘാതത്താൽ മരണപ്പെട്ട രമേശന്റെ മരണത്തെ തുടർന്ന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിലെ G6/5252/17നമ്പർ ഫയലിലും പട്ടികജാതി വികസന ഡയറക്ടർ ഓഫീസിലെ Dev.B2-3352/19 നമ്പർ ഫയലിലും നാളിതുവരെ തുക അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പ്രസ്തുത കുടുംബത്തിന്റെ ദയനീയാവസ്ഥ പരിഗണിച്ച് അവർക്കുള്ള ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് പദ്ധതികൾ

909 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും വേണ്ടി അനുവദിച്ച തുക എത്ര വീതമെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കൊറഗ ഗോത്രവർഗ്ഗ വിഭാഗത്തിന്റെ വികസനം

910 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ബദിയഡുക്ക മേഖലയിൽ ഉൾപ്പെടെ ജീവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗ വിഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ പദ്ധതികൾ</u>**

911 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അടങ്കൽ തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>അരുവിക്കര നിയോജക മണ്ഡലത്തിലെ പദ്ധതികൾ</u>**

912 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന അരുവിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച മുഴുവൻ പദ്ധതികളുടെയും വിവരങ്ങൾ, അവയുടെ ഫണ്ട് വിവരം, ഇപ്പോഴത്തെ സ്ഥിതി, ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

**<u>ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി സംബന്ധിച്ച്</u>**

913 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം</u>**

914 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പട്ടികജാതിക്കാർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായമായി എത്രപേർക്കാണ് തുക അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

915 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് മൂലം മലപ്പുറം ജില്ലയിൽ പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങൽ, വിവാഹ ധനസഹായം, പഠന മുറി ഒരുക്കൽ എന്നീ പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പദ്ധതികളുടെ നിർവ്വഹണം തടസ്സം കൂടാതെ നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

## വണ്ടൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിയ പ്രവൃത്തികൾ

916 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവയുടെ നിർമ്മാണം

917 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം എം. പി. പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയ 22/8/2025 ലെ കത്തിന്മേലും സ്ഥലം എം. എൽ. എ. നൽകിയ 29/10/2025 ലെ കത്തിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത പാലവും റോഡും കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി സമയബന്ധിതമായി പ്രൊപ്പോസൽ നൽകി കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തിരുവമ്പാടിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

918 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, പ്രവൃത്തി ആരംഭിക്കാത്തവ എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആരംഭിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

919 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക ക്ഷേമ വകുപ്പുകളിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ നാല് സെന്റ് പട്ടികജാതി നഗറിലെ വീടുകളുടെ നവീകരണം

920 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നാല് സെന്റ് പട്ടികജാതി നഗറിലെ വീടുകൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വീടുകൾ വാസയോഗ്യമാണോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കോളനി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

## പട്ടികവർഗ്ഗ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രവർത്തനങ്ങൾ

921 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുവാൻ വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതിയുള്ള ആദിവാസി മേഖലകളിൽ കേബിൾ നെറ്റ്‌വർക്കിന്റെയോ ടവറുകളുടെയോ അഭാവം മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

922 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ നാളിതുവരെ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പട്ടികജാതിക്ഷേമ വകുപ്പ് മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത്; ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

## പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പ് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

923 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തിയുടെ പട്ടിക നൽകാമോ;

(ബി) അവയിൽ പ്രവൃത്തി പൂർത്തിയായവ, പൂർത്തിയാകാത്തവ എന്നിവ തരം തിരിച്ച് വിശദമാക്കാമോ;

(സി) നിലവിൽ ഏതെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെയുണ്ടോ; വിശദമാക്കാമോ?

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിലും പ്രൊമോട്ടർമാരുടെ വേതനത്തിലും ഉള്ള കുടിശ്ശികകൾ

924 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ഇത് തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പ്രൊമോട്ടർമാരുടെ വേതന വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികവർഗ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

925 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ തൽസ്ഥിതി അറിയിക്കുമോ?

## വാൽസല്യനിധി പദ്ധതി

926 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ പെൺകുട്ടികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനുള്ള വാൽസല്യനിധി പദ്ധതിയുടെ പ്രവർത്തനം നിലച്ചിട്ടുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് പ്രസ്തുത പദ്ധതി നിലച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ പദ്ധതികൾ

927 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുകൾ നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## തൊടുപുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അനുവദിച്ച പദ്ധതികൾ

928 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത കാലഘട്ടത്തിൽ ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുക സംബന്ധിച്ച വിശദാംശം തദ്ദേശ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം അന്വേഷണ റിപ്പോർട്ടുകൾ

929 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2025 - ൽ എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അതിൽ ക്രമക്കേട് കണ്ടെത്തിയ റിപ്പോർട്ടുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പട്ടികവർഗ്ഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2025 - ൽ എത്ര അന്വേഷണം റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അതിൽ ക്രമക്കേട് കണ്ടെത്തിയ റിപ്പോർട്ടുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കുണ്ടറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ പ്രവൃത്തികളുടെ പുരോഗതി**

930 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

931 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം പ്രവൃത്തി തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ പൂർത്തിയായത് എത്രയെന്നും നടന്നുകൊണ്ടിരിക്കുന്നവ എത്രയെന്നും ആരംഭിക്കാത്തവ എത്രയെന്നും സംബന്ധിച്ച നിലവിലെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പട്ടിക വർഗ്ഗ കുടുംബങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

932 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ചു വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കുമോ?

**പാക്കഞ്ഞി-കുത്തനൂർ അംബേദ്കർ ഗ്രാമം പദ്ധതി**

933 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പാക്കഞ്ഞി-കുത്തന്നൂർ അംബേദ്കർ ഗ്രാമം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## കൊളക്കോട് അംബേദ്കർ ഗ്രാമം പദ്ധതി

934 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊളക്കോട് അംബേദ്കർ ഗ്രാമം പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

935 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2021-22 മുതൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അടങ്കൽ തുക ഉൾപ്പെടെ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായിട്ടുള്ളതും ഇനി പൂർത്തിയാക്കാനുള്ളതുമായവയുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ചേലക്കര മണ്ഡലത്തിലെ ഏകവരുമാന ദായകർക്കുള്ള ധനസഹായം

936 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചേലക്കര മണ്ഡല പരിധിയിൽ വരുന്ന വടക്കാഞ്ചേരി, പഴയന്നൂർ എന്നീ പട്ടികജാതി വികസന ആഫീസ് മുഖേന ഏക വരുമാനദായകർക്കുള്ള ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ഇത് എത്ര കോടി രൂപ വരുമെന്ന് വ്യക്തമാക്കാമോ;

(ബി) ധനസഹായം അനുവദിച്ചവരുടെ പേരുവിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഇനി എത്ര പേരുടെ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

## കോട്ടയം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

937 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ കോട്ടയം മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ ക്ഷേമ വകുപ്പുകൾ വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

## പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി

938 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് വീട് നൽകിയിട്ടുണ്ടെന്ന വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഒരു ഗുണഭോക്താവിന് അനുവദിച്ചിരുന്ന തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ?

## അതിദരിദ്രരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

939 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനത്തിന്റെ ഭാഗമായി, അതിദരിദ്രരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതരും ഭവനരഹിതരുമായ എല്ലാവരെയും ദാരിദ്ര്യമുക്തരാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ അതിദരിദ്രരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് പ്രത്യേക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## നാദാപുരം നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായം

940 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് നാദാപുരം നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ധനസഹായം ലഭിച്ചവരുടെ വിശദാംശം നൽകാമോ?

**<u>കുട്ടനാട്ടിലെ ഉന്നതികളുടെ നവീകരണം</u>**

941 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഉന്നതികളുടെ നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ കൂടുതൽ ഉന്നതികൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ?

**<u>ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>**

942 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചാത്തന്നൂർ മണ്ഡലത്തിലെ പട്ടികജാതി ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ.</u>**

943 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഇത്തിക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് വഴി നടത്തിയ വിവിധ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവയോരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ കൊട്ടാരക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് വഴി നടത്തിയ വിവിധ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവയോരോന്നിനും ചെലവായ തുക എത്രയെന്നും അറിയിക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>**

944 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം നഗറുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ നഗറിനും അനുവദിച്ച തുക എത്രയെന്നും, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, നിർമ്മാണ ചുമതലയുള്ള ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ, ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## സമൃദ്ധി കേരളം പദ്ധതി

945 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്കൊപ്പം പട്ടികജാതി വിഭാഗക്കാരുടെ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി, കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സമൃദ്ധി കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്താണെന്ന് വിശദമാക്കാമോ;

(സി) സമൃദ്ധി കേരളം പദ്ധതി വഴി എത്ര സംരംഭകർക്ക് ഗുണം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അംബേദ്കർ ഭവന പദ്ധതിയുടെ പുരോഗതി

946 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ അംബേദ്കർ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉന്നതികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(ബി) ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഉന്നതികളിൽ പ്രസ്തുത പദ്ധതി അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമായ റിപ്പോർട്ട് നൽകാമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് വകയിരുത്തിയ തുക

947 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് വകയിരുത്തിയ തുക എത്രയാണെന്ന് പ്രത്യേകം അറിയിക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ചെലവാക്കിയ തുക എത്രയാണെന്ന് പ്രത്യേകം അറിയിക്കാമോ;

(സി) 2025-26 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന്

വകയിരുത്തിയ തുക എത്രയാണെന്ന് പ്രവൃത്തി തിരിച്ച് അറിയിക്കാമോ;

(ഡി) 2025-26 ൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയിൽ ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(ഇ) 2025-26 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം പൂർണമായും ചെലവഴിക്കുമോയെന്ന് അറിയിക്കാമോ;

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിൽ തിരൂർ നിയോജകമണ്ഡലത്തിൽ വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയാണെന്നും ഇനംതിരിച്ച് അറിയിക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഐശ്വര്യ ഗ്രാമം പദ്ധതി

948 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അടിസ്ഥാന വികസനത്തിനായി ഐശ്വര്യഗ്രാമം എന്ന പേരിൽ പദ്ധതി നടത്തുന്നുണ്ടോ;

(ബി) എന്നുമുതലാണ് പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാവുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിലേക്ക് നിർദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) മണലൂർ മണ്ഡലത്തിലെ ഐശ്വര്യ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമപദ്ധതിയുടെ ബിൽ തുക

949 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ നെല്ലിക്കാപൊയിൽ അംബേദ്കർ ഗ്രാമപദ്ധതിയുടെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ച് ഏറെ നാളുകളായിട്ടും ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിൽ 2021-2026 വരെ നടപ്പിലാക്കിയ പദ്ധതികൾ

950 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2021-2026 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

951 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും ചെലവഴിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## അതിദാരിദ്ര്യമുക്ത ആദിവാസി ഉന്നതികൾ

952 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിദാരിദ്ര്യമുക്ത പദ്ധതിയിൽ കേരളത്തിലെ ആദിവാസി ഉന്നതികളിലെ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) ഇവരുടെ കുടുംബങ്ങൾക്കായി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും ചെലവാക്കിയ തുകകളുടെയും വിശദമായ കണക്ക് ലഭ്യമാക്കാമോ;

(സി) അതിദാരിദ്ര്യമുക്ത പട്ടികയിൽ ഇടം പിടിച്ചവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്?

## പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന വിവാഹ ധനസഹായം

953 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവയിൽ എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ഉണ്ട്; ഇതിലേക്ക് ഓരോന്നിനും എത്ര തുക ആവശ്യമുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പട്ടിക ജാതി കുടുംബങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

954 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഈ സർക്കാരിന്റെ കാലയളവിൽ, ഓരോ സാമ്പത്തിക വർഷവും മേൽപ്പറഞ്ഞ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയതും, അനുവദിച്ചതും, ചെലവഴിച്ചതുമായ തുകകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോന്നിലും നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കുമോ?

**<u>ജനനി ജന്മരക്ഷാ പദ്ധതി</u>**

955 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾ, അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി ധനസഹായം നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം എത്ര രൂപയാണ് ധനസഹായമായി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം, സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ പദ്ധതികൾ</u>**

956 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുകൾ വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഗുണഭോക്താക്കളുടെ വിവരം, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ?

## പട്ടികവിഭാഗക്കാരുടെ ഉന്നമനം

957 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായി 2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികളിലായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന ആകെ തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;ഇതിൽ ഓരോ വർഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെന്നും ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചെന്നും അറിയിക്കാമോ;

(സി) ഏതൊക്കെ പദ്ധതികളിൽ ഈ വർഷം തുകയൊന്നും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ;ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പട്ടികജാതി പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം

958 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പട്ടികജാതി, പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച 30 ലക്ഷം രൂപ കഴിച്ച് ബാക്കി തുകയായ 40 ലക്ഷം രൂപ അനുവദിച്ച് കിട്ടുന്നതിന് 16.09.2025ന് എം. എൽ. എ. മുഖാന്തിരം സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിന്മേൽ ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ

959 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

## ചേലക്കര മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പ് ചികിത്സാ ധനസഹായം

960 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചേലക്കര മണ്ഡലത്തിൽ വടക്കാഞ്ചേരി, പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പരിധിയിൽ വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര രോഗികൾക്കാണ് ചികിത്സാ ധനസഹായം അനുവദിച്ചു നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ബ്ലോക്കുകളിലെ ഓരോ പട്ടിക ജാതി വികസന ആഫീസിന്റെയും ധനസഹായം സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഓരോ രോഗികൾക്കും അനുവദിച്ച തുകയും അവരുടെ മേൽവിലാസവും പ്രത്യേകം വ്യക്തമാക്കാമോ?

**<u>മണ്ണാർക്കാട് മണ്ഡലത്തിലെ സേഫ് പദ്ധതി</u>**

961 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിന്നും എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഓരോ വിഭാഗത്തിലും ഉൾപ്പെട്ട എത്രപേരുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>കായംകുളം മണ്ഡലത്തിലെ അംബ്ദേക്കർ ഗ്രാമം പദ്ധതി</u>**

962 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികൾ, അതിനായി അനുവദിച്ച തുക, കോർപ്പസ് ഫണ്ട് ഉൾപ്പടെയുള്ള പ്രവൃത്തികളുടെ പുരോഗതി എന്നിവ പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അംബ്ദേക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് അനുമതി ലഭിച്ച നഗറുകൾ ഏതൊക്കെയെന്നും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവയും വിശദമാക്കാമോ?

**<u>വള്ളിക്കുന്ന് മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>**

963 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതികൾ തുടങ്ങിയതെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ; പ്രവൃത്തി

പൂർത്തിയായിട്ടില്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

964 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭവനനിർമാണം, കോളനി വികസനം, കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിത്വ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരമായി എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) നിലവിൽ വിവിധ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നത് ഏതൊക്കെ പട്ടികജാതി പട്ടിക വർഗ്ഗ ഉന്നതികളിലാണെന്നും ആയവയുടെ പുരോഗതി എന്താണെന്നും വെളിപ്പെടുത്താമോ?

**കായംകുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾ**

965 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര പേർക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ**

966 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് വിവിധ സ്കീമുകളിൽ ലഭ്യമാക്കിയ വായ്പകളിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടവ്

പൂർത്തീകരിക്കാത്ത വകയിലുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത തുക എപ്രകാരം ഈടാക്കുന്നതിനാണ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തവർക്ക് ആശ്വാസം നല്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) വ്യക്തിഗത വായ്പകളുടെ നിലവിലെ പരിധി ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് കൂടുതൽ സാവകാശവും തവണകളും അനുവദിക്കുമോ; വായ്പയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## വാമനപുരം മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി

967 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏകവരുമാനദായകർ മരണപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര തുകയാണ് ഈയിനത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ കുടിശിക

968 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ധനസഹായങ്ങൾ പലതും കുടിശ്ശികയായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ ഏകവരുമാനദായകന്റെ മരണം മൂലം ആശ്രിതർക്ക് നൽകുന്ന ധനസഹായത്തിന് എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സമുദായത്തിലെ മിശ്രവിവാഹിതർ, വിവാഹം എന്നിവയ്ക്കുള്ള ധനസഹായത്തിന് ജില്ലയിൽ എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം സമുദായ അംഗങ്ങളുടെ വീട് അറ്റകുറ്റ പ്രവൃത്തി നടത്തുന്നതിനുള്ള സെയ്ഫ് (SAFE) പദ്ധതിക്കുള്ള സഹായത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

969 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികൾ ഏതൊക്കെയാണ്; അവയുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകൾ നിലവിലുണ്ടെന്നും എത്ര കുടുംബങ്ങൾ അവിടങ്ങളിൽ താമസിക്കുന്നുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പട്ടികജാതി നഗറുകളുടെ ഉന്നമനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

970 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികളുടെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്നും ഓരോ ഉന്നതികളിലും നടപ്പാക്കിയ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായം

971 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുക

972 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി വിവിധ ബജറ്റുകളിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ആകെ ബജറ്റിന്റെ എത്ര ശതമാനം വീതം ഈ രണ്ട് വിഭാഗത്തിനുമായി മാറ്റിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും ചെലവഴിക്കാതെ ബാക്കിയായത് എത്രയെന്നും ചെലവിന്റെ ശതമാനം എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ അതിദരിദ്രരില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പ്രഖ്യാപനം നടത്തിയിട്ടുള്ളതെന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പാലക്കാട് ജില്ലയിൽ നൽകിയ വായ്പകൾ

973 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി പാലക്കാട് ജില്ലയിൽ ഈ സാമ്പത്തിക വർഷം നൽകിയ വായ്പകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ

974 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾ മുഖേന എത്ര രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ എത്ര ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോന്നി മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

975 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതു വരെ കോന്നി നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) ടി പ്രവർത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദവിവരം ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ വനം വന്യജീവി വകുപ്പ് പദ്ധതികൾ

976 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

977 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് ; ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ?

## സാമൂഹ്യ വനവൽക്കരണ പരിപാടി

978 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോയെന്നും തുടർന്നും എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

## വനമേഖലയുടെ വേനൽക്കാല സംരക്ഷണം

979 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആവാസവ്യവസ്ഥയുടെയും കാലാവസ്ഥയുടെയും കാവൽനിലയമായ വനമേഖലയെ വേനൽക്കാലത്ത് കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) വേനൽക്കാലത്ത് ആഹാരവും ജലവും തേടി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) ഉൾവനങ്ങളിലെ ജലാശയങ്ങളിലും തോടുകളിലും വേനൽക്കാലത്തും ജലസമൃദ്ധി നിലനിർത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കാട്ടുതീ ഉത്ഭവിക്കാൻ സാധ്യതയുള്ള വനപ്രദേശങ്ങളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനാവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിനായി ഹൈഡ്രന്റ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## വന വിസ്തൃതി

980 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന വിസ്തൃതി കുറഞ്ഞു വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള വന വിസ്തൃതി എത്രയാണെന്നും ഇതിൽ കഴിഞ്ഞ 10 വർഷം കൊണ്ടുണ്ടായ മാറ്റവും വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ വനാതിർത്തികളിൽ ഫെൻസിംഗ് നടപടി

981 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വനാതിർത്തികളിൽ ഫെൻസിംഗിനായി വിവിധ സ്കീമുകളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും അവ ഏതൊക്കെയാണെന്നും ഫോറസ്റ്റ് റേഞ്ചടിസ്ഥാനത്തിൽ വിശദമാക്കാമോ?

## അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ആദിവാസികളല്ലാത്തവരുടെ വനം വകുപ്പ് ഭൂമി

982 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി ട്രൈബൽ താലൂക്കിൽ ആദിവാസികൾ അല്ലാത്ത എത്ര പേർ വനം വകുപ്പ് ഭൂമിയുടെ എൻ ഒ സി ക്കായി വനം വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് എൻ ഒ സി നൽകിയ വ്യക്തികളുടെ വില്ലേജും വിലാസവും രേഖപ്പെടുത്തിയ പട്ടിക ലഭ്യമാക്കാമോ?

## മലപ്പുറം ജില്ലയിലെ ഉന്നതികളിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നത്

983 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വനത്തിനുള്ളിൽ കഴിയുന്ന 36 ഉന്നതികളിൽപ്പെട്ട ആയിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം വീട് നിർമ്മിക്കുന്നതിനും കൃഷി ആവശ്യത്തിനുമായി വനഭൂമി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മുണ്ടക്കടവ്, മാഞ്ചീരി ഉന്നതികളിലെ 61 കുടുംബങ്ങൾക്ക് വനഭൂമി നൽകുന്നതിന് ഡി.എൽ.സി. അംഗീകാരം നൽകിയിട്ടും വനം വകുപ്പ് അധികൃതർ കൈവശരേഖയിൽ ഒപ്പുവയ്ക്കാത്തതുമൂലം പുനരധിവാസം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ വനഭൂമി മാത്രമാണ് മിക്ക ഉന്നതികളിലും നൽകിയിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;അവർക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമിയെങ്കിലും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സാമൂഹ്യ വനവൽക്കരണം

984 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് വിനിയോഗിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

985 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പെരുമ്പാവൂർ മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

986 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പെരുമ്പാവൂർ മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ?

## ഇക്കോ റെസ്റ്റോറേഷൻ

987 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷന്റെ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന വനഭാഗങ്ങളിൽ വർക്കിംഗ് പ്ലാൻ കാലയളവിൽ 2025-26 വർഷം വരെ ആകെ എത്ര ഹെക്ടർ വീതം അക്കേഷ്യ-ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം തോട്ടങ്ങൾ ആണ് ഇക്കോ റെസ്റ്റോറേഷൻ (പരിസ്ഥിതി പുനഃസ്ഥാപനം) നടത്തേണ്ടിയിരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ എത്ര ഹെക്ടറിൽ ഇക്കോ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട് എന്നത് മരങ്ങളുടെ വർഗ്ഗം തിരിച്ച് വിശദമാക്കാമോ;

(സി) വർക്കിംഗ് പ്ലാൻ പ്രകാരമുള്ള ഏരിയായിൽ ഇക്കോ റെസ്റ്റോറേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ;

(ഡി) പൂർണമായും അക്കേഷ്യരഹിതമായ വനഭൂമിയായി മണ്ഡലത്തെ മാറ്റാൻ എന്ന് സാധിക്കുമെന്ന് വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

988 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## വനസംരക്ഷണവും ജനക്ഷേമവും

989 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനൊപ്പം പൊതുജനങ്ങളുടെ ക്ഷേമവും സംരക്ഷണവും മുൻനിർത്തിയുള്ള ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വനംവകുപ്പ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(ബി) വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നത് തടയുന്നതിനുവേണ്ടി ഏതെല്ലാം തരത്തിലുള്ള ആധുനിക പ്രതിരോധ സംവിധാനങ്ങളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(സി) മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ വനാശ്രിത വിഭാഗങ്ങളിൽ നിന്നും വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തി ഗോത്ര സമൂഹങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് നിലവിലെ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികൾ

990 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് വഴി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാവും കുളവും പദ്ധതി

991 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കാവും കുളവും പദ്ധതിയിൽ ആകെ എത്ര സ്ഥലങ്ങൾ

ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ധനസഹായം അനുവദിച്ചിട്ടുള്ള സ്ഥലങ്ങളുടെ പേരും ഓരോ സ്ഥലത്തിനും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ വനം വന്യജീവി വകുപ്പിന്റെ പ്രവൃത്തികൾ</u>**

992 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രസ്തുത പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ</u>**

993 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന അനുവദിച്ച മുഴുവൻ പദ്ധതികളും, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ തരം തിരിച്ച് അറിയിക്കുമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പ് പദ്ധതികൾ</u>**

994 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ വനം വന്യജീവി വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) വനം വകുപ്പിന്റെ നേതൃത്വത്തിൽ നബാർഡിന്റെ സഹായത്തോടെ കാസർകോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**<u>വനാശ്രിത ആദിവാസി സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ പദ്ധതി</u>**

995 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിത ആദിവാസി സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട ആദിവാസി കുടുബങ്ങളുടെ എണ്ണം എത്രയാണെന്ന്

വിശദമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ കാവുകൾ സംരക്ഷിക്കാൻ നടപടി

996 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ആലപ്പുഴ ജില്ലയിലെ കാവ് നവീകരണം എവിടെ ഒക്കെ ആണ് നടപ്പാക്കി വരുന്നത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി ആറ്റു തീരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് പുതിയ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## അനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ

997 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ വഴി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## ഉദുമ മണ്ഡലത്തിലെ വനമേഖലയിലെ റോഡുകൾ

998 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ വനമേഖലയിൽ കൂടി കടന്നുപോകുന്ന റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി നിലവിലുള്ള സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ?

## എക്കോ ടൂറിസം പദ്ധതി

999 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി വകുപ്പിന്റെ എക്കോ ടൂറിസം പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എക്കോ ടൂറിസം പദ്ധതിയുടെ പ്രചാരണത്തിനു വേണ്ടി വനം-വന്യജീവി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എക്കോ ടൂറിസം പദ്ധതി പ്രയോജനപ്പെടുത്തിയവരുടെ എണ്ണം, ഈ പദ്ധതിയിലൂടെ സർക്കാരിന് ലഭിച്ച വരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ഇക്കോ ടൂറിസം പദ്ധതി</u>

1000 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിൽ വനം-വന്യജിവി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

1001 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ വനം വന്യജിവി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇക്കോ ടൂറിസം പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ?

## <u>താൽക്കാലിക ജീവനക്കാരുടെ സ്ഥിര നിയമനം</u>

1002 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലിക (എൻ.എം.ആർ) അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പ്രൊട്ടക്ഷൻ വാച്ചർമാർ, ഡ്രൈവർമാർ, പ്ലാന്റേഷൻ വാച്ചർമാർ തുടങ്ങിയവർക്ക് സ്ഥിര നിയമനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പത്ത് മുതൽ ഇരുപത് വർഷം വരെ താൽക്കാലിക അടിസ്ഥാനത്തിൽ സേവനം തുടരുന്നവർക്ക് സ്ഥിര നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി</u>

1003 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിൽ പാലോട് റെയ്ഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് 15.03.2025-ൽ കോട്ടയം വന വിജിലൻസ് വിഭാഗം കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം എത്ര രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ നിർമ്മാണം നടത്താത്ത 218 ജണ്ടകളുടെ നിർമ്മാണ ചെലവിന് തുക അനുവദിച്ചതിന്റെ വിവരങ്ങളും അപ്രകാരമുണ്ടായ വനഭൂമി നഷ്ടവും ഒഴിവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എൻ. ഒ. സി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ?

**<u>അനിധിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം തടയാൻ നടപടി</u>**

1004 **ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിധിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം സ്വാഭാവിക വനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വാഭാവിക വനശോഷണത്തിന്റെ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ?

**<u>മനുഷ്യ-വന്യജീവി സംഘർഷങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ദൗത്യം</u>**

1005 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും വനം വകുപ്പ് മേധാവിയുടെയും നേതൃത്വത്തിൽ 2025 ഫെബ്രുവരിയിൽ ചേർന്ന യോഗത്തിൽ പത്ത് ദൗത്യങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ;

(ബി) പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള ദൗത്യങ്ങൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ദൗത്യത്തിന്റെ ഭാഗമായി ആനത്താരകളും വന്യമൃഗങ്ങളുടെ പതിവ് സഞ്ചാര പാതകളും തുടർച്ചയായി നിരീക്ഷിക്കാൻ കഴിയുന്ന തത്സമയ നിരീക്ഷണ സംവിധാനം ഒരുക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ദൗത്യത്തിന്റെ ഭാഗമായി മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത മിഷൻ പ്രകാരമുള്ള മറ്റു പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്; ഈ പദ്ധതികൾക്കായി ആകെ എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുള്ളത്, നീക്കി വെച്ച തുകയിൽ നിന്നും ഇതിനോടകം ചെലവാക്കിയിട്ടുള്ള തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**വനാവകാശ ഭൂമിയിലെ കൃഷിയും വനവിഭവ വിപണനവും**

1006 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമിയിൽ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ളവ കൃഷി ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി നേരിട്ടുള്ള വിപണന സൗകര്യം ഒരുക്കി നൽകുമോ?

**ജണ്ട നിർമ്മാണ അഴിമതി**

1007 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019–20, 2020–21 സാമ്പത്തിക വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അന്വേഷണ റിപ്പോർട്ടുകൾ ഉണ്ട്; ഓരോ റിപ്പോർട്ടിലും തിട്ടപ്പെടുത്തിയിരിക്കുന്ന സർക്കാർ നഷ്ടം എത്ര കോടി രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ മൂലം നഷ്ടപ്പെട്ട വനഭൂമിയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിസ്തീർണം എത്ര ഹെക്ടറാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ അന്വേഷിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) 2005 ലെ വിവരാവകാശ നിയമ പ്രകാരം ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും കോട്ടയം വനം വിജിലൻസ് വിഭാഗം കൺസർവേറ്ററുടെ ഓഫീസിൽ നിന്നും നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ഒന്നാം അപ്പീൽ കേസുകളിലാണ് കോട്ടയം വന വിജിലൻസ് വിഭാഗം കൺസർവേറ്ററെ വിവരാവകാശ കമ്മീഷണർ സമൺ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ ഫോറസ്ട്രി ക്ലബ്ബുകൾ**

1008 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

**വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റുന്നത്**

1009 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് പഞ്ചായത്ത് പരിധിയിൽ വരുന്ന കെ. എസ്. ഇ. ബി. യുടെ വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഫോറസ്റ്റ്, കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വന്യജീവി ബോർഡിന്റെ പ്രവർത്തനം

1010 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള ബോർഡിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ചട്ടപ്രകാരം വർഷത്തിൽ എത്ര യോഗമാണ് വന്യജീവി ബോർഡ് ചേരേണ്ടത് എന്ന് അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ യോഗം ചേർന്നിട്ടുണ്ട്;

(ഡി) പുതിയ ബോർഡ് നിലവിൽ വരാത്തതിനാൽ ഭരണപരമായി പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) പുതിയ ബോർഡിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം

1011 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അതിർത്തി പുനർനിർണ്ണയം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ വന്യമൃഗ ശല്യം

1012 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കടുവ, പുലി, ആന, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ വന്യമൃഗ ശല്യം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സർക്കാർ നൽകി വരുന്ന ധനസഹായം പൂർണ്ണമായും നൽകിയിട്ടുണ്ടോ; ആർക്കൊക്കെ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ധനസഹായം നൽകാൻ ശേഷിക്കുന്നവർക്ക് എന്നത്തേയ്ക്ക് തുക നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി തൂക്കുവേലിയുടെ നിർമ്മാണം

1013 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി നിർമ്മിക്കുന്ന തൂക്കുവേലിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്നും ഇതുവരെ എത്ര കിലോമീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച പ്രദേശങ്ങളിൽ പല ഇടങ്ങളിലും കാട്ടാന തൂക്കുവേലി തകർത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തൂക്കുവേലി കടന്നു പോകുന്ന പ്രദേശങ്ങളിൽ സമീപത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ പാമ്പുകടി മരണങ്ങളും സുരക്ഷാ സഹായ നടപടികളും

1014 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പാമ്പു കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സഹായം വർധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) അടിക്കാട് വെട്ടുന്ന തൊഴിലുറപ്പ് തൊഴിലാളികൾ പാമ്പുകടിയിൽ നിന്നും രക്ഷപ്പെടുന്നതിനായി ബൂട്ടും കൈയുറയും നിർബന്ധമായി ധരിക്കണമെന്ന നിർദ്ദേശം

സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**ചിമ്മിനി ഇക്കോടൂറിസം പദ്ധതി**

1015 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന സമർപ്പിച്ച പ്രോജക്ടിന് വിവിധ ഫണ്ടുകളായി 3 കോടി രൂപ ലഭ്യമാക്കിയെങ്കിലും അതിന്റെ നിർമ്മാണ-നിർവഹണത്തിന് വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനത്തേയും വന്യജീവികളേയും സംരക്ഷിച്ചുകൊണ്ട് വിനോദ സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ ചിമ്മിനി മേഖലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോടൂറിസം പദ്ധതി കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് ആവശ്യമായ അനുമതിയും തുടർനടപടികളും സ്വീകരിക്കുമോ;

(സി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വന ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി**

1016 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ വന ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഓരോ ഡിവിഷന്റെ കീഴിലും എത്ര ദൂരമാണ് സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനുകളിലും എത്ര ദൂരം സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

**പുനലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വനാവരണം പദ്ധതി**

1017 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടപ്പിലാക്കിയ, വന്യജീവി-മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാവരണം പദ്ധതിയുടെ നിശ്ചിത ലക്ഷ്യങ്ങളും ഇതുവരെ കൈവരിച്ച പുരോഗതിയും അറിയിക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കാമോ; ഏതെല്ലാം മേഖലകളിൽ എത്ര ദൂരം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ നേരിടുന്ന പ്രധാന തടസ്സങ്ങളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(ഡി) വരാനിരിക്കുന്ന വർഷങ്ങളിൽ മണ്ഡലത്തിൽ കൂടുതൽ മേഖലകളിൽ വനാവരണം പദ്ധതി വ്യാപിപ്പിയ്ക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ?

## <u>മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗശല്യം തടയാൻ വൈദ്യുതി വേലി നിർമ്മാണം</u>

1018 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗങ്ങൾ പ്രത്യേകിച്ച് കാട്ടാനകൾ മൂലമുള്ള ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വന്യമൃഗ ശല്യമുള്ള പ്രദേശങ്ങളിൽ വനം വകുപ്പ് സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി വേലികൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വൈദ്യുതി വേലികളുടെ അറ്റകുറ്റപ്പണി നടത്തിയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയത് സ്ഥാപിച്ചും വന്യമൃഗശല്യം ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>വന്യജീവി ആക്രമണം മൂലം പരിക്കേറ്റവർക്കുള്ള ധനസഹായം</u>

1019 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ദേവികുളം നിയോജക മണ്ഡലത്തിൽ വന്യജീവി ആക്രമണം മൂലം പരിക്കേറ്റവർക്ക് ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ഫോറസ്റ്റ് ഡിവിഷൻ തിരിച്ച് വിശദമാക്കാമോ; ഇതിൽ എത്ര അപേക്ഷകളിൽ നടപടി പൂർത്തീകരിച്ചുവെന്നും, എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണം മൂലം വളർത്തുമൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ച ഇനത്തിൽ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ഫോറസ്റ്റ് ഡിവിഷൻ തിരിച്ച് വിശദമാക്കാമോ; ഇതിൽ എത്ര അപേക്ഷകളിൽ നടപടി പൂർത്തീകരിച്ച് തുക വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ?

## <u>മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗശല്യം നിയന്ത്രിക്കാനുള്ള നടപടി</u>

1020 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രത്യേകിച്ച് ഇടപ്പറ്റ പഞ്ചായത്തിൽ വന്യമൃഗശല്യം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾക്കും കൃഷിക്കും നാശനഷ്ടം വരാത്ത രീതിയിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യമൃഗ ഉപദ്രവങ്ങളിൽ നിന്നും പൊതുജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

## വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി

1021 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വന്യജീവി ആക്രമണം തടയുന്നതിനായി സ്ഥാപിച്ച സൗരോർജ്ജ വേലികളുടെയും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിന്റെയും നിലവിലെ അവസ്ഥ പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാര തുക എത്രയാണെന്ന് വിശദമാക്കുമോ; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യജീവികളെ നിരീക്ഷിക്കാൻ ഡ്രോൺ/ എ.ഐ. സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

## വന്യജീവി ആക്രമണം

1022 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വന്യജീവികളുടെ ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ വിവരവും അവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവരുടെ വിവരവും അവർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരവും ലഭ്യമാക്കാമോ;

(സി) വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കോ പരിക്കേറ്റവർക്കോ ആർക്കെങ്കിലും സർക്കാർ നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടില്ലെങ്കിൽ അതിന് കാരണമെന്താണ് എന്ന് വിശദമാക്കാമോ;

(ഡി) മനുഷ്യരുടെ ജീവനും സ്വത്തിനും വന്യജീവികൾ ഉയർത്തുന്ന ഭീഷണി ദിവസം കഴിയുംതോറും വർദ്ധനയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്നും; പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## വന്യജീവി ആക്രമണം

1023 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽനിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും എത്ര ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്രപേർ ആക്രമണത്തിനിരയായി; എത്ര ജീവഹാനി സംഭവിച്ചു; ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകി; വിശദാംശം ലഭ്യമാക്കുമോ?

## മാവേലിക്കര നിയോജകമണ്ഡലത്തിലെ കാട്ടുപന്നി ശല്യം

1024 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ, താമരക്കുളം, നൂറനാട് എന്നീ പഞ്ചായത്തുകളിൽ കാട്ടുപന്നി ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധിയിൽ നിന്നും കർഷകരെ രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ചേലക്കര മണ്ഡലം - വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ നടപടി

1025 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 11.07.2025-ൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ ചേലക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ വനം വകുപ്പുദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ പങ്കെടുപ്പിച്ച് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് മച്ചാട് റേഞ്ച് ഓഫീസർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പി.ആർ.ടി. (പ്രൈമറി റെസ്പോൺസ് ടീം) അംഗങ്ങൾക്ക് ട്രെയിനിംഗ്, ടോർച്ച് തുടങ്ങിയവ ലഭ്യമാക്കിയോ;

(സി) പ്രസ്തുത യോഗത്തിന് ശേഷം ചേലക്കര മണ്ഡലത്തിലെ ജനവാസ മേഖലയിൽ കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) എം.എൽ.എ.യുടെ നേതൃത്വത്തിൽ ജനങ്ങളുടെ സഹായത്തോടെ വനാതിർത്തിയിൽ ഫാം ഗാർഡ് (എലിഫെന്റ് അലാറം) സ്ഥാപിച്ചതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

## വന്യജീവി ആക്രമണങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

1026 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016–17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആയതിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ സംഭവങ്ങളിൽ എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

## കാട്ടുപന്നികളെയും നാടൻ കുരങ്ങുകളെയും നിയന്ത്രിക്കുന്നതിന് നടപടി

1027 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെയും നാടൻ കുരങ്ങുകളുടെയും ശല്യം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ നിലവിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## വന്യജീവി ആക്രമണം നഷ്ടപരിഹാരം

1028 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന് വരെയുള്ളവ വിതരണം ചെയ്തിട്ടുണ്ട്; എത്ര തുക കുടിശ്ശികയുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക എത്രയും വേഗത്തിൽ വിതരണം ചെയ്യുന്നതിനായി നടപടികൾ

സ്വീകരിക്കുമോ?

**അങ്കമാലി മണ്ഡലത്തിലെ വന്യജീവി ആക്രമണം**

1029 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വന്യജീവി ആക്രമണങ്ങളാണ് അങ്കമാലി മണ്ഡലത്തിൽ റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ വനത്തോട് ചേർന്ന് കിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ-നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകളിൽ അടിക്കടി ഉണ്ടാകുന്ന വന്യജീവി ആക്രമണവും, കൃഷി നാശവും തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മഴ ലഭ്യത കുറവ് മൂലം മൃഗങ്ങൾക്ക് കാട്ടിൽ വെള്ളം കിട്ടാതെ വരികയും ചൂട് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നുമൂലമുള്ള മനുഷ്യ-വന്യമൃഗ സംഘർഷം ഇല്ലാതാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**മനുഷ്യ-വന്യജീവി സംഘർഷം**

1030 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷത്തിലൂടെ വനത്തിന് അകത്തും പുറത്തും വന്യമൃഗങ്ങൾക്ക് ജീവൻ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) വന്യജീവി സംഘർഷനിവാരണത്തിനായി പുതുതായി എത്ര റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**ചേലക്കര മണ്ഡലത്തിലെ കാട്ടാന ശല്യവും നഷ്ടപരിഹാരവും**

1031 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ജനവാസമേഖലയിൽ കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്ര കർഷകരുടെ വിളകളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## <u>കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ</u>

1032 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ വിവിധ പദ്ധതികളിൽ മെക്കാനിക്കൽ, സിവിൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഒറ്റ ടെണ്ടറായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം കാസർഗോഡ് ജില്ലയിലേക്ക് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## <u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ</u>

1033 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ പട്ടിക ലഭ്യമാക്കാമോ; അവയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## <u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ</u>

1034 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കോഴിക്കോട് നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

1035 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പ് മുഖേന കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിനും ചെലവഴിച്ച തുകകൾ പ്രത്യേകം വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കൃഷിക്കും ജലസേചനത്തിനും ആവശ്യമായ വെള്ളം

1036 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം മഴ കുറവായതിനാൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുള്ളതിനാൽ കൃഷിക്കും ജലസേചനത്തിനും ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജലവിഭവവകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജി.&പി1/203/2025/ഡബ്ല്യു.ആർ.ഡി. പാർട്ട് I & പാർട്ട് II പ്രകാരം 2025-26 വർഷം ജലവിഭവ വകുപ്പ് ഫണ്ട് ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

1037 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ്, ഭൂജല വകുപ്പ്, കേരള വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, അഡീഷണൽ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

## ഡവലപ്മെന്റ് ഓഫ് ഫെസിലിറ്റീസ് പുനലൂർ പദ്ധതിയുടെ പുരോഗതി

1038 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയാക്കി വിനോദ സഞ്ചാര വകുപ്പിന് കൈമാറുന്നതിലേക്കായി നിലവിൽ ജലവിഭവ വകുപ്പ് നിർമാണ പ്രവർത്തനങ്ങൾ നടത്തിവരുന്ന പുനലൂർ പബ്ലിക് പാർക്ക്-ന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഡവലപ്മെന്റ് ഓഫ് ഫെസിലിറ്റീസ് പുനലൂർ എന്ന പദ്ധതിയുടെ തുടർ നടത്തിപ്പിനായി ആയത് കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ</u>

1039 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാകാപ്പ് നവീകരണ പദ്ധതി</u>

1040 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ഉൾപ്പെടുന്ന മോര്യകാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും അനുമതികൾ നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്; ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) പദ്ധതിയുടെ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക സഹിതം വിശദമാക്കാമോ?

## <u>ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

1041 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടക്കാനുള്ള തുക അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ</u>

1042 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതികളുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

## ജലസേചന വകുപ്പ് വഴി പുനലൂർ മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ

1043 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് വിവിധ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/ പദ്ധതികളിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ ജലസേചനം, ജലവിതരണം എന്നീമേഖലകളിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശവും നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും ലഭ്യമാക്കാമോ; നിലവിൽ പുരോഗതിയിലുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പുനലൂർ മണ്ഡലത്തിൽ പുതുതായി ജലസേചന വകുപ്പിന് കീഴിൽ ജലസേചനം, ജലവിതരണം എന്നി മേഖലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുരോഗതി

1044 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(സി) എത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ആയത് പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ഇ) ഈ പ്രവൃത്തിക്കായി ഏതൊക്കെ ഏജൻസികളാണ് പണമുടക്കുന്നത് ; വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിയുടെ തുടർ പ്രവർത്തനം എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് പ്രോജക്ടിൽ നൽകിയ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ജി) ഇതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രോജക്ടിന് തുക അനുവദിച്ച ഏജൻസി തന്നെ തുടർ പ്രവർത്തനങ്ങൾക്കും ചെലവ് വഹിക്കണമെന്ന വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പദ്ധതി പൂർത്തിയായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

**മലപ്പുറം തിരൂരങ്ങാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ**

1045 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ നിലവിൽ ഭരണാനുമതി ലഭ്യമാക്കിയതും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയ തിയതി എന്നാണ്; ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഇത്രയും കാലമായിട്ടും പ്രാവർത്തികമാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്ന പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ നിലവിൽ ഏത് ഓഫീസിലാണെന്നും അവയുടെ എസ്റ്റിമേറ്റ് തുകകളും ഫയൽ നമ്പറും സഹിതം ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ?

**വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

1046 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഇറിഗേഷൻ വകുപ്പ് മുഖാന്തരം വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) വാമനപുരം നദി പുനരുജ്ജീവന പദ്ധതി പ്രകാരം ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

**പൊന്നാനി കോൾ – ഭാരതപ്പുഴ സംയോജന പദ്ധതി**

1047 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ - ഭാരതപ്പുഴ സംയോജന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്; വിവരം ലഭ്യമാക്കാമോ?

**<u>അങ്കമാലി മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

1048 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിലുൾപ്പെട്ട അങ്കമാലി നഗരസഭ, മഞ്ഞപ്ര, മലയാറ്റൂർ-നീലീശ്വരം, കാലടി, അയ്യമ്പുഴ, തുറവൂർ, മൂക്കന്നൂർ, പാറക്കടവ്, കറുകുറ്റി എന്നീ തദ്ദേശ സ്ഥാപനങ്ങളിലെ മൈനർ, മേജർ വകുപ്പുകളിൽ നിന്നും ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് സത്വരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജലവിതരണം തടസ്സപ്പെട്ട നിലയിലുള്ള ചാലക്കുടി ഇടതുകര കനാൽ പുനരുദ്ധാരണത്തിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്നും വാർഷിക അറ്റകുറ്റപണികൾക്ക് തുക വകയിരുത്താത്തതിനാൽ അങ്കമാലി മണ്ഡലത്തിലേയും സമീപ മണ്ഡലങ്ങളിലേയും ബഹു ഭൂരിപക്ഷം വരുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനാകാത്ത കാര്യം ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>മലമ്പുഴ നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

1049 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; പദ്ധതികളുടെ നിലവിലെ സ്ഥിതി, അടങ്കൽ തുക എന്നീ വിശദാംശങ്ങളും ലഭ്യമാക്കാമോ?

**<u>നാദാപുരം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

1050 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ നാദാപുരം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1051 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസുമായി ബന്ധപ്പെട്ട് അനുമതി ലഭിച്ച് മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയും കുറ്റ്യാടി ഇറിഗേഷൻ വിഭാഗം മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട കുറ്റ്യാടി പുഴയോര സംരക്ഷണ പ്രവൃത്തി മഴക്കാലത്തിനു മുൻപ് പൂർത്തിയാക്കേണ്ടതിനാൽ ആയത് പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ കുന്നമ്മൽ പള്ളി മുതലുള്ള കനാൽ റോഡ് പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1052 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 2021, 2021 - 2025 കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ പേര്, അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ, നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടരുന്ന ഇടങ്ങൾ ഏതെല്ലാം എന്നിവ വ്യക്തമാക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർണമായും പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാർ ഡാമിന്റെ സംഭരണശേഷിയെ ബാധിക്കുന്ന തരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

1053 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021- 26 കാലയളവിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

1054 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ എന്നാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ ടെണ്ടറിന്റെ നിജസ്ഥിതി എന്താണെന്നും ആയത് സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വ്യക്തമാക്കാമോ;

(ഡി) മേല്പറഞ്ഞ ടെണ്ടറുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ നല്കിയ കേസിൽ വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## രണ്ടാം കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതികൾ

1055 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

1056 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, പ്രവൃത്തികളുടെ പുരോഗതി

എന്നിവ കേരള വാട്ടർ അതോറിറ്റി, മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ തിരിച്ച് പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**കോങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ**

1057 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

1058 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തിയാകാനുള്ളതെന്നും എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കുമോ; പദ്ധതിയുടെ അടങ്കൽ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച, മണ്ഡലത്തിലെ വിവിധ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവരെയായി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ട്; ഇനി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇതിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതത്തിന്റെ എത്ര തുക അനുവദിച്ചെന്നും ഇനി എത്ര തുക അനുവദിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ഡി) കുടിശിക നൽകാത്തതിനാൽ പല കരാറുകാർക്കും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെ ഈ പദ്ധതിയിൽ കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയായുള്ളതെന്നും കുടിശിക കൊടുത്തു തീർക്കുന്നതിന് എന്ത് നടപടിയാണ് സ്വികരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**തൊടുപുഴ നിയോജകമണ്ഡലത്തിൽ ജലസേചനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

1059 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനി എത്ര

പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ട്; വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ?

**<u>മലപ്പുറം നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>**

1060 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഓരോന്നിനും അനുവദിച്ച തുകയും ഇപ്പോൾ അവ ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ;

(സി) മലപ്പുറം വലിയതോട്, പാണക്കാട് ആറുവെട്ടികടവ് എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അംഗീകാരത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>കനാലുകൾ കാട്ടുമൂടിയും മലീമസമായും കിടക്കുന്നത്</u>**

1061 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിന്റെ ഭാഗമായി വരുന്ന പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന കല്ലട, പമ്പ ജലസേചന പദ്ധതികളുടെ ഭാഗമായ കനാലുകൾ കാട്ടുമൂടിയും മലീമസമായും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മെയിൻ കനാലുകളും സബ് കനാലുകളും ശുചീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; തുക വകയിരുത്തുമോ; വ്യക്തമാക്കുമോ?

**<u>കുറ്റ്യാടി ഇറിഗേഷൻ കനാൽ വഴിയുള്ള ജലവിതരണം</u>**

1062 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ കുറ്റ്യാടി ഇറിഗേഷൻ കനാൽ വഴി ജലവിതരണം നടത്തുന്നതിന്റെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് പ്രദേശം തിരിച്ച് അറിയിക്കാമോ;

(ബി) 2026 -ൽ കുറ്റ്യാടി ഇറിഗേഷൻ കനാൽ വഴി ജലവിതരണം നടത്തുന്നതിനായുള്ള സമയക്രമം പ്രദേശം തിരിച്ച് അറിയിക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>**

1063 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (എം.വി.ഐ.പി.) കനാലിൽ വെള്ളം ലഭ്യമല്ലാത്തതുമൂലം കോതമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലിന്റെ തകരാർ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വർഷം തോറും കനാൽ വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടി ഉറപ്പുവരുത്തുമോ?

## ചാലക്കുടി ഇടതുകര കനാൽ പുനരുദ്ധാരണ പദ്ധതി

1064 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണം ആകെ തകർന്ന് കിടക്കുന്ന ചാലക്കുടി ഇടതുകര കനാലിന്റെ പുനരുദ്ധാരണത്തിന് 2025-26 വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വാർഷിക അറ്റകുറ്റപ്പണികൾക്ക് തുക വകയിരുത്താത്തതിനാൽ പദ്ധതി പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗം വിശദമാക്കാമോ?

## ഇരിണാവ് ഡാം പാലം

1065 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റെഗുലേറ്റർ മാത്രമായി നിലനിർത്തുകയും ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുകയും ചെയ്യുന്നതിനായി നടന്നു വരുന്ന പരിശോധനകളുടെ പുരോഗതി വ്യക്തമാക്കാമോ; എന്തെല്ലാം തുടർനടപടികളാണ് ശിപാർശ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പദ്ധതി

1066 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനായുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഡാമിൽ നിന്ന് ഇതുവരെ നീക്കം ചെയ്ത മണ്ണിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

## ഡാം അതിർത്തി പ്രദേശങ്ങളിലെ സാധാരണ പൗരന്മാരുടെ വാസ, ഉപജീവന, വികസന ആവശ്യങ്ങൾക്ക് സംരക്ഷണം

1067 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 നവംബറിൽ ഡാം സേഫ്റ്റി അതോറിറ്റി പിരിച്ചുവിട്ടതിന് ശേഷം വ്യക്തമായ സർക്കാർ മാർഗ്ഗരേഖ ഇല്ലാതിരുന്നതു മൂലം അതിന് മുൻപായി ഡാം അതിർത്തി പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അപേക്ഷ സമർപ്പിച്ച സാധാരണ പൗരന്മാർക്കും തദ്ദേശസ്ഥാപനങ്ങൾക്കും ഉണ്ടായ നിയമപരമായ

അനിശ്ചിതത്വം പരിഗണിച്ച്, സുരക്ഷ ഉറപ്പാക്കിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനുള്ള വ്യക്തമായ പ്രായോഗിക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.32217/2022, WP(C) No.35930/2023 എന്നീ കേസുകളിലെ വിധികളിൽ സർക്കാർ നടപടി വൈകിയതിനെ തുടർന്ന്, പൗരന്മാരുടെ നിയമപരമായ അവകാശങ്ങളും വികസന പ്രവർത്തനങ്ങളും തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ, കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിർമ്മാണ അനുമതികൾക്ക് വ്യക്തത നൽകുന്ന നയം രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 06/04/2023 ലെ G.O.(Ms) No.22/2023/WRD പ്രകാരം നിയോഗിച്ച വിദഗ്ധ സമിതി 13/11/2024-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് ഡാം സുരക്ഷയ്ക്ക് ഭീഷണിയില്ലാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) 26/12/2024 ലെ G.O.(Ms) No.67/2024/WRD ഉത്തരവ് പിൻവലിക്കേണ്ടി വന്ന സാഹചര്യത്തിൽ ഉയർന്ന ആശങ്കകൾ പരിഗണിച്ച് കൂടുതൽ ശാസ്ത്രീയവും സമതുലിതവുമായ മാർഗ്ഗരേഖ തയ്യാറാക്കിയും ഡാം സുരക്ഷയും പ്രാദേശിക വികസനവും ഒരുമിച്ച് നടപ്പിലാക്കുന്ന സംവിധാനം കൊണ്ടുവരുന്നതിന് ശ്രമിക്കുമോ; വിശദമാക്കാമോ;

(ഇ) ഡാം സേഫ്റ്റി അതോറിറ്റിയുടെ എൻ. ഒ. സി. നിർബന്ധമാണെന്ന നിയമവ്യവസ്ഥ നിലനിൽക്കുമ്പോഴും, കഴിഞ്ഞ നാലുവർഷത്തിലധികമായി ബാണാസുര സാഗർ ഡാം അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ നിർമ്മാണ അനുമതികൾ നൽകിയിട്ടുള്ള യാഥാർത്ഥ്യം പരിഗണിച്ച്, മുൻകാല പ്രാബല്യത്തോടെ സുരക്ഷാ പരിശോധനയും എൻ. ഒ. സി. ക്രമീകരണവും നടത്തി നിയമപരമായ സംരക്ഷണം നൽകുന്ന ഒരു റെഗുലറൈസേഷൻ സംവിധാനം സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) കെ. എസ്. ഇ. ബി. ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയർ അറിയിപ്പ് നൽകിയ സാഹചര്യത്തിൽ വ്യക്തമായ ഏകീകൃത മാർഗ്ഗരേഖയും സാങ്കേതിക പിന്തുണയും നൽകി, ഭാവിയിൽ ഡാം സുരക്ഷയ്ക്ക് ഭീഷണിയില്ലാത്ത നിർമ്മാണങ്ങൾ മാത്രം അനുവദിക്കുന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ എൻ. ഒ. സി. ഇല്ലാതെ അനുവദിച്ച നിർമ്മാണം ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ തുടരാൻ അനുവദിച്ച സാഹചര്യത്തിൽ, ഡാം സുരക്ഷയും ജനങ്ങളുടെ ജീവൻ സുരക്ഷയും ഉറപ്പാക്കിക്കൊണ്ട്, ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ?

## <u>മലമ്പുഴ നിയോജക മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം</u>

1068 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ 4 കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജക മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## തീരസംരക്ഷണ പ്രവർത്തനങ്ങൾ

1069 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## കിടായിചിറയുടെ നിർമ്മാണ പുരോഗതി

1070 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലൂർ ഗ്രാമപഞ്ചായത്തിലെ കിടായിചിറയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കുന്നംകുളം മണ്ഡലത്തിലെ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം

1071 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (എൽ.ഐ .എസ്)-ലെ പമ്പ് സെറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കീമിന്റെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ നട്ടിക്കടവ് റഗുലേറ്റർ- കം- ബ്രിഡ്ജ്

1072 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം- ബ്രിഡ്ജ് പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ

1073 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

1074 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) അംഗീകരിച്ചിട്ടുണ്ടോ; കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) 2018-ൽ ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പദ്ധതി ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെല്ലാമാണ്; പദ്ധതി സ്ഥലത്ത് പാലം / ഫുട്ട് ബ്രിഡ്ജ് സംബന്ധിച്ച സാങ്കേതിക സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ചെർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി ഭൂഗർഭജല ലഭ്യത വർധിപ്പിക്കുന്നതും പരിസര പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതും ലക്ഷ്യമാക്കിയാണോ ആവിഷ്കരിച്ചിരിക്കുന്നത്; പദ്ധതി പൂർത്തിയായാൽ പ്രതീക്ഷിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ്, കെ.ഐ.ഐ.ഡി.സി., കിഫ്ബി എന്നിവ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണ്; അടിയന്തരമായി പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മുട്ടിക്കൽ ആറ്റത്തറ ആർ സി ബിയുടെ പുരോഗതി**

1075 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതി പ്രവർത്തനം നടത്തുന്ന കുന്നംകുളം മണ്ഡലത്തിലെ മുട്ടിക്കൽ ആറ്റത്തറ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

**കൽപൂര് - തോട്ടക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

1076 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ കാരശ്ശേരി പഞ്ചായത്തിലെ കൽപൂര് - തോട്ടക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജി (ആർ.സി.ബി.) ന്റെ തകർന്ന ഷട്ടറുകൾക്ക് പകരം

എഫ്.ആർ.പി. (ഫൈബർ റൈൻഫോഴ്സ്ഡ് പ്ലാസ്റ്റിക്) ഷട്ടർ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## കരിച്ചാൽക്കടവ് ആർ . സി . ബി യുടെ നിർമ്മാണ പുരോഗതി

1077 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഇത് എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം

1078 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നാളിതുവരെ ആയതിന്റെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദീർഘകാലമായി പ്രസ്തുത പ്രവൃത്തിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതിന് കാരണമെന്തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡി. പി. ആർ. അടിയന്തരമായി ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

1079 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മാണത്തിനുമായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിന് മാത്രം അനുമതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനോടൊപ്പം റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയതിനുള്ള നടപടികൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

1080 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്

1081 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ആറാമത്തെ റീച്ചുമായി ബന്ധപ്പെട്ട തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2, 3, 5, 6 റീച്ചുകളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ 34.90 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ആയത് നിലവിൽ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി നിലവിലെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തീയതിയും വിശദാംശം അറിയിക്കുമോ;

(ഡി) മുളക്കുളം പഞ്ചായത്തിലൂടെയുള്ള കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദീർഘകാലമായി മുടങ്ങിക്കിടക്കുന്നതിനെ തുടർന്ന് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2-ാം റീച്ചിന്റെയും 5-ാം റീച്ചിന്റെയും നിർമ്മാണത്തിനായി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയത് അംഗീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം എന്താണെന്നും അറിയിക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിലെ ഇറിഗേഷൻ വർക്കുകൾ

1082 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കുട്ടനാട് പാക്കേജ്, പി.ഐ.പി. എന്നീ വിഭാഗങ്ങൾ മുഖേന സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട്, ബഡ്ജറ്റ് വിഹിതം, എം.എൽ.എ. ഫണ്ട്, മറ്റ് സ്കീമുകൾ എന്നിവ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഹരിപ്പാട് മണ്ഡലത്തിലെ തീരദേശ മേഖലകളിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടത്തിവരുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

അറിയിക്കാമോ;

(സി) ആറാട്ടുപുഴ,തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ എ.ഡി.ബി.,ലോക ബാങ്ക് എന്നിവയുടെ ധന സഹായത്തോടെ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള വിവിധ കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന്റെ നിർവഹണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**കൊല്ലം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

1083 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ വൻകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭരണാനുമതി ലഭിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

**കോട്ടക്കൽ മണ്ഡലത്തിലെ തോട് നവീകരണം**

1084 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിൽനിന്നും തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം എന്നിവയ്ക്ക് വേണ്ടി 2021-22 വർഷം മുതൽ നാളിതുവരെ സമർപ്പിച്ച പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കൊല്ലം നിയോജക മണ്ഡലത്തിലെ ചെറുകിട ജലസേചന വിഭാഗം പ്രവൃത്തികൾ**

1085 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭരണാനുമതി ലഭിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

**മലപ്പുറത്ത് ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് സ്ഥാപിക്കാൻ നടപടി**

1086 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷൻ മാത്രം നിലവിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മലപ്പുറം കേന്ദ്രമായി പുതുതായി ഒരു ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് 3.0 സോഫ്റ്റ്‌വെയർ മുഖേന നിലവിൽ മേൽ ഓഫീസുകളിലേക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ</u>**

1087 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന കോട്ടക്കൽ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇക്കാലയളവിൽ കോട്ടക്കൽ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2025-26 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

**<u>പെരുമ്പാവൂർ മണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

1088 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ പ്രവ്യത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ ഭൂമി ഉപയോഗപ്പെടുത്താൻ നടപടി

1089 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജലവിഭവ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഏതെങ്കിലും പദ്ധതികൾ തുടങ്ങുന്നതിനായി സർക്കാർ, സർക്കാരിതര ഏജൻസികൾ എൻ. ഒ. സി. ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1090 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവവകുപ്പ വഴി എന്തെല്ലാം പദ്ധതികളാണ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രവീതമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ആലപ്പുഴ ഭൂജല വകുപ്പിലെ കരാറുകാർ നിർമ്മിച്ച കുഴൽക്കിണറുകൾ

1091 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലാ ഭൂജല വകുപ്പിൽ കരാറുകാർ വഴി നിർമ്മിച്ച കുഴൽക്കിണറുകളുടെ എണ്ണം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) കരാറുകാർക്ക് ചട്ട വിരുദ്ധമായി പ്രവൃത്തികൾക്കുള്ള കരാറനുമതി നൽകിയതായുള്ള ആരോപണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇതിന്മേൽ ജലവിഭവ വകുപ്പ് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ എന്നതിന്റെയും വിവരം ലഭ്യമാക്കാമോ;

(സി) കരാറുകാർക്ക് ഉദ്യോഗസ്ഥർ ചട്ട വിരുദ്ധമായി കരാർ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ചട്ട വിരുദ്ധമായി കരാർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## ഭൂഗർഭ ജലചൂഷണം

1092 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭൂഗർഭ ജലചൂഷണം അനുവദനീയമായ പരിധിയിൽ കൂടുതലാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കോട്ടയം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

1093 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

**<u>പെരുമ്പാവൂർ മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം</u>**

1094 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന ജലസ്രോതസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അവയുടെ സംരക്ഷണത്തിനും വിനിയോഗത്തിനും പരിപാലനത്തിനും വേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) ജലസ്രോതസ്സുകൾ കയ്യേറുന്നവരെയും നശിപ്പിക്കുന്നവരെയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

**<u>ജൽജീവൻ മിഷന്റെ പ്രവർത്തനം</u>**

1095 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) 2020-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തിയായി എന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ഈ സംയുക്ത പദ്ധതി എത്ര തുകയുടേതെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവാക്കി എന്നും ഇതിൽ

കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ട കണക്ഷനുകൾ എത്രയെന്നും വ്യക്തമാക്കുമോ?

<u>**വെള്ളക്കരം**</u>

1096 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര തവണ വെള്ളക്കരം വർധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർധിപ്പിച്ച നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; നിരക്ക് വർധനയുടെ ഫലമായി ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>**ജലനയ രൂപീകരണം**</u>

1097 **ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല ഉപഭോഗവും ജല സംരക്ഷണവും ജല വിതരണവും കാലോചിതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാത്തരം ജല സ്രോതസ്സുകളുടെയും ശാസ്ത്രീയമായ വിനിയോഗം, സംരക്ഷണം എന്നിവയെ സംബന്ധിക്കുന്ന സമഗ്രമായ ജല നയത്തിന്റെ കരട് തയ്യാറാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) എങ്കിൽ ഭൂഗർഭജല സംരക്ഷണവും വിനിയോഗവും ക്രമപ്പെടുത്തുന്നതിന് എന്തെല്ലാം നയപരിപാടികളാണ് ഇതിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജലനയം നടപ്പിലാക്കുന്നതോടെ അതിവേഗം നഗരവത്കരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ജലവിതരണ സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

<u>**ജലജന്യ രോഗങ്ങൾ തടയുന്നതിന് നടപടി**</u>

1098 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുന്നതിനായി വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കിണറുകളിൽ ഇ. കോളി ബാക്ടീരിയ അടക്കം വ്യാപിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ജലജന്യ രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലെ കുടിവെള്ള സ്രോതസുകളിൽ ആവശ്യമായ പരിശോധനകൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കുമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ</u>**

1099 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാനത്തെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കരാറുകാർക്ക് പണം നൽകാത്തതിന്റെ പേരിൽ പദ്ധതി പ്രവൃത്തികൾ സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകുന്നതിന് വേണ്ടി നബാർഡിൽ നിന്നും 5000 കോടി രൂപ വായ്പയായി എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത തുക ലഭ്യമായിട്ടുണ്ടോ; പ്രസ്തുത തുക വാട്ടർ അതോറിട്ടിക്ക് മുഴുവനായി നൽകാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജൽജീവൻ മിഷൻ പദ്ധതിയുടെ കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

**<u>ആലപ്പുഴ നിയോജക മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ</u>**

1100 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ; ആലപ്പുഴ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുകൾ ആകെ എത്ര ശതമാനം കൈവരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ തീര സംരക്ഷണത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ?

**<u>മങ്കട നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ</u>**

1101 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനും കേരള വാട്ടർ അതോറിറ്റിക്കും കീഴിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; അവയിൽ പൂർത്തീകരിച്ചവ, പുരോഗമിച്ചുകൊണ്ടിരിക്കുന്നവ, നാളിതുവരെ ആരംഭിക്കാത്തവ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) മങ്കട നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തിയാക്കാനുള്ളതെന്നും എത്ര കണക്ഷനുകളാണ് നൽകാൻ അവശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള വാട്ടർടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതിയുടെ ഭാഗമായി കുഴിച്ചതും പൂർവ്വസ്ഥിതിയിലാക്കാൻ അവശേഷിക്കുന്നതുമായ റോഡുകളുടെ വിശദാംശം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>പാലാ നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>**

1102 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങളിലെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മീനച്ചിലാർ മീനന്തറയാർ നദീതട പദ്ധതി സംബന്ധിച്ച്</u>**

1103 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിലാർ മീനന്തറയാർ നദീതട പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) 2019-20 ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 47 ൽ നദി പുനരുജ്ജീവനത്തിനും നദീതടവികസനത്തിനുമായി 25 കോടി രൂപ വകയിരുത്തിയതിൽ മീനച്ചിലാർ - കൊടൂരാർ-മീനന്തറയാർ- പദ്ധതിയ്ക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതി ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കിയതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി 2016 മുതൽ നാളിതുവരെ ഏതൊക്കെ ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയതെന്നും ഏജൻസികളുടെ കണക്കുകൾ/ പ്രവർത്തനങ്ങൾ ഓഡിറ്റിനു വിധേയമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം മാറ്റുന്ന മണ്ണ്/ മണൽ ലേലത്തിൽ വിറ്റ വകയിൽ സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

1104 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എത്ര കുടിവെള്ള കണക്ഷനുകൾ പുതിയതായി നൽകിയെന്നും ആകെ ചെലവായ തുക സംബന്ധിച്ചും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

1105 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതി എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പെരുമ്പാവൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾ

1106 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതികളുടെ വിശദാംശവും ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ഭൗതിക ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ജല വിഭവ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ.

1107 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ നാളിതുവരെ കേരള വാട്ടർ അതോറിറ്റിയുടെ പബ്ലിക് ഹെൽത്ത് വിഭാഗവും പ്രൊജക്റ്റ് വിഭാഗവും വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവ ഓരോന്നിനും ചെലവായ തുക എത്രയെന്നും അറിയിക്കാമോ?

## കോന്നി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

1108 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും കോന്നി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, പ്രവൃത്തികളുടെ പേര്, അവയുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

1109 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ നിർവഹണ പുരോഗതി വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലും എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും അറിയിക്കുമോ; പദ്ധതിക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കാനുള്ളത്; സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

## കുട്ടനാട് കുടിവെള്ള പദ്ധതി

1110 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തു രണ്ടാഴ്ച്ചയിൽ ഒരിക്കൽ ഇതിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ ഓരോ ഘട്ടത്തിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കോലുമാട് ശുദ്ധജല പദ്ധതി

1111 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ, വെങ്കിടങ്ങ്, മുല്ലശ്ശേരി, ഏങ്ങണ്ടിയൂർ, ഗുരുവായൂർ മുനിസിപ്പാലിറ്റി അടക്കമുള്ള പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനായി വിഭാവനം ചെയ്ത കോലുമാട് ശുദ്ധജല പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) ഇറിഗേഷൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

1112 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പദ്ധതികൾ എന്തൊക്കെ എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഉപയോഗിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; പദ്ധതി പ്രവൃത്തികളുടെ പൂർത്തീകരണഘട്ടം വിശദീകരിക്കാമോ;

(ബി) മഞ്ചേരി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കാമോ;

(സി) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച, മണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്തായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ഡി) മഞ്ചേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

(ഇ) മഞ്ചേരി നിയോജക മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്ന് ലഭിച്ച വായ്പ

1113 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ നിന്ന് അയ്യായിരം കോടി രൂപയുടെ വായ്പയെടുക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള ജൽജീവൻ പദ്ധതിയിൽ കരാറുകാരുടെ കുടിശിക നൽകുവാനാണോ നബാർഡ് ഈ വായ്പ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; എങ്കിൽ കരാറുകാർക്ക് എത്ര തുക കുടിശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നബാർഡിൽ നിന്നും അനുവദിച്ച 5,000 കോടി രൂപ സംസ്ഥാന ട്രഷറിയിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക നിശ്ചിത

ആവശ്യങ്ങൾക്കല്ലാതെ മറ്റ് കാര്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വിശദമാക്കാമോ;

(ഡി) മേൽപരാമർശിച്ച കരാറുകാരുടെ കുടിശിക തീർക്കാൻ മാത്രമാണോ നബാർഡ് വായ്പയായി ലഭിച്ച അയ്യായിരം കോടി രൂപ വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്ക് കൂടി ഈ തുക ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## റൂം ഫോർ റിവർ പദ്ധതി

1114 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ഉണ്ടാകുന്നത് തടയുന്നതിനായി റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതിക്കാവശ്യമായ തുക സ്വരൂപിച്ചിട്ടുണ്ടോ; സ്വരൂപിച്ച തുക എപ്രകാരമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

1115 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി

1116 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികളുടെ പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

## പിറവം മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ

1117 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) പിറവം നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കണക്കുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ജലജീവൻ മിഷൻ പദ്ധതി പ്രകാരം കരാർ എടുത്തു പണിപൂർത്തീകരിച്ചതിൽ, കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട്;

(ഇ) കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

## <u>ഹരിപ്പാട് കുടിവെള്ള പദ്ധതി</u>

1118 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് അറിയിക്കാമോ;

(സി) നിയതമായ സമയക്രമം നിശ്ചയിച്ചുകൊണ്ട് ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന നിർവഹണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നിവ അടക്കം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ ജൽജീവൻ മിഷൻ പദ്ധതികളുടെ നിർവ്വഹണ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ ഉത്തരവ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## <u>അഴീക്കോട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

1119 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 സർക്കാർ കാലത്ത് അഴീക്കോട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പദ്ധതികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ, തുക സംബന്ധിച്ച വിശദാംശങ്ങൾ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് വിവരങ്ങൾ അറിയിക്കാമോ?

**ജൽജീവൻ മിഷൻ പദ്ധതി**

1120 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാളിതുവരെ എത്ര ശതമാനം പൂർത്തീകരിച്ചു; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, കേന്ദ്രവിഹിതമായി നാളിതുവരെ ലഭിച്ച തുക, സംസ്ഥാന വിഹിതമായി നാളിതുവരെ നൽകിയ തുക, പദ്ധതി പൂർത്തീകരണത്തിന് ഇനി ആവശ്യമായ തുക എന്നിവ വ്യക്തമാക്കാമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ജൽജീവൻ മിഷൻ പദ്ധതിയിലെ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എന്നത്തേക്ക് പൂർണ്ണമായി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1121 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ 2026 വരെ നടപ്പിലാക്കിയ വകുപ്പിന്റെ പ്രവർത്തനങ്ങളും അവയുടെ ഫണ്ടും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**നെയ്യാറ്റിൻകര നഗര സഭയിലെ അമൃത് പദ്ധതി**

1122 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് എത്ര തുക വിനിയോഗിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന് കീഴിലെ പദ്ധതികൾ**

1123 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ

ഏതെല്ലാം;

(ബി) അവയ്ക്കായി അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**താന്നിക്കോട് മല കേന്ദ്രീകരിച്ചുള്ള കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ**

1124 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിൽ വരുത്തുന്ന ജൽജീവൻ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഭൂമി ഏറ്റെടുക്കുന്നതിന് നൽകേണ്ട തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് തുക നൽകാത്തതെന്ന് വിശദമാക്കാമോ?

**കുടിവെള്ള വിതരണ പദ്ധതികൾ**

1125 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പലവിധ കാരണങ്ങളാൽ ഭാഗികമായോ, പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികൾ പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(ബി) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിനും കുടിവെള്ളം പാഴാകുന്നത് തടയുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**ഗ്രാമപഞ്ചായത്ത് റോഡുകളുടെ റിസ്റ്റോറേഷൻ**

1126 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിന് കട്ട് ചെയ്ത റോഡുകളുടെ റിസ്റ്റോറേഷൻ നടത്തുന്നതിൽ കാലതാമസം വരുത്തുന്നത് പ്രാദേശികതലത്തിൽ വലിയ പ്രതിസന്ധികൾക്കിടയാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) ഗ്രാമപഞ്ചായത്ത് റോഡുകളുടെ റിസ്റ്റോറേഷൻ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനും ആയതിനുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവുമോ?

## ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ

1127 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര റോഡുകൾ കുഴിച്ചിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ എന്നത്തേക്ക് പുനരുദ്ധരിക്കുമെന്നും അറിയിക്കുമോ?

## പെരിന്തൽമണ്ണ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

1128 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ നൽകിയ ഗാർഹിക കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ടി പദ്ധതി സംസ്ഥാനത്ത് എപ്പോൾ പൂർത്തീകരിച്ച് സമ്പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അവശേഷിക്കുന്ന പ്രവൃർത്തികൾ എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച്

1129 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പ്രവർത്തികളെ തുടർന്ന് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വകയിരുത്തിയ ഫണ്ട് എത്രയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ നിലവിൽ എത്ര റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ടി റോഡ് പ്രവർത്തികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

1130 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ജലവിഭവ വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം, തുക എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

**കൊച്ചി നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജല ശുദ്ധീകരണ ശാല**

1131 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനും സമീപ പ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാല കൊച്ചി മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു പുതിയ ജല സ്രോതസ്സായി ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണ ശാലയുടെ സമീപം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ ഉള്ള 1.57 ഹെക്ടർ സ്ഥലത്ത് 190 MLD ശുദ്ധീകരണ ശേഷിയുള്ള ഒരു ജല ശുദ്ധീകരണശാല സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ എവിടെ വരെയായി എന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**കോഴിക്കോട് ജില്ലയിലെ അമൃത് പദ്ധതി**

1132 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം നഗരസഭകളിലാണ് കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നും ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ നഗരസഭകളുടെ വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും നഗരസഭ ഈ ഇനത്തിൽ പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ജലവിതരണം മെച്ചപ്പെടുത്താൻ പദ്ധതി**

1133 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജലവിതരണ ശൃംഖലയും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം പൈപ്പുകളിലൂടെ എത്തിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ സഹകരണത്തോടെ

നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രതിശീർഷ ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ നഗരമേഖലയിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സുരക്ഷിതമായ കുടിവെള്ളം തടസ്സരഹിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിശദമാക്കുമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി

1134 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത്, കരവാരം, നഗരൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) എത്ര തുകയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം

1135 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ച അഞ്ച് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## തൊടുപുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

1136 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ?

## കുടിവെള്ള ലഭ്യത

1137 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. എം. എം. മണി**

**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത് വരെയുള്ള ഘട്ടങ്ങളിൽ ജലത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജല നഷ്ടം ഒഴിവാക്കുന്നതിനും കേടായ പൈപ്പുകൾ യഥാക്രമം മാറ്റി സ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) 2016 - 2025 കാലയളവിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലെ സർക്കാർ വന്നതിനു ശേഷം എത്ര പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാണോ; വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

1138 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

## കാസർകോട് നഗരത്തിൽ പാഴായിപ്പോകുന്ന ജലം

1139 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നഗരസഭാ പരിധിയിലെ വിവിധയിടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടി കുടിവെള്ളം വൻതോതിൽ പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലാകാലങ്ങളിലായി തുടർന്നുവരുന്ന ഈ ദുരവസ്ഥ പരിഹരിക്കാൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഏതെല്ലാം സ്ഥലങ്ങളിലാണ് കുടിവെള്ളം പാഴായി പോകുന്നതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ നാളിതുവരെ എത്ര ലിറ്റർ വെള്ളം നഷ്ടപ്പെട്ടുവെന്നും ഇത് മൂലം ജല അതോറിറ്റിക്കുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്നും വിശദമാക്കാമോ;

(സി) ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

## അങ്കമാലി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

1140 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ചൂട് കനക്കുന്ന സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) അങ്കമാലി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി

1141 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 2016-ൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴും സ്തംഭനാവസ്ഥയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ , ഒല്ലൂർ, പുതുക്കാട്, വടക്കാഞ്ചേരി, നാട്ടിക, മണലൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ 19 ഗ്രാമപഞ്ചായത്തുകൾക്കും തൃശ്ശൂർ കോർപ്പറേഷനും യഥേഷ്ടം കുടിവെള്ളം ലഭ്യമാക്കാൻ സഹായകരമായ കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## അച്ചൻകോവിലാർ സംരക്ഷണഭിത്തി നിർമ്മാണം

1142 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 7-ൽ കല്ലിമേൽ കല്ലുപാലയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിക്കു സമീപം അച്ചൻകോവിലാറിന്റെ ഇടതുകരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഉൾപ്പെടെയുള്ളവക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ടി പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിക്കായി കുഴിച്ച റോഡുകളുടെ പുനസ്ഥാപനം

1143 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ റോഡുകളിലുൾപ്പടെ പൈപ്പുകൾ സ്ഥാപിക്കാനെടുത്ത കുഴികൾ പൂർവ്വ സ്ഥിതിയിലാക്കാത്തത് കാരണം റോഡുകൾ തകരുന്നതും കരാറെടുത്ത റോഡുകളിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തദ്ദേശ റോഡുകൾ ഉൾപ്പെടെ മുഴുവൻ റോഡുകളിലും പൈപ്പുകൾ സ്ഥാപിക്കാനെടുത്ത കുഴികൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

## <u>കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരുടെ വേതന വർദ്ധനവ്</u>

1144 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ തൊഴിലാളികളുടെ വേതന വർദ്ധനവിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി</u>

1145 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി സംബന്ധിച്ച് 05-12-2025 ൽ പുറത്തിറക്കിയ സർക്കുലർ സംബന്ധിച്ച് ജീവനക്കാരുടെ പരാതിയും ആയത് നടപ്പിലാക്കിയാൽ ഉണ്ടാകുന്ന പ്രതിസന്ധികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>ജലജീവൻ മിഷൻ പദ്ധതി</u>

1146 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിൽ നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കണക്കാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ വിഹിതം സമയബന്ധിതമായി ലഭിക്കാത്തതും സംസ്ഥാന വിഹിതത്തിന്റെ ലഭ്യതയിൽ ഉണ്ടായ തടസ്സങ്ങളും ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പരിമിതികളും ഭരണപരമായ തടസ്സങ്ങളും കാരണം ജൽജീവൻ മിഷൻ പദ്ധതികളുടെ പൂർത്തീകരണത്തിൽ സംസ്ഥാനത്ത് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതികളുടെ കാലതാമസം മൂലം ഗ്രാമീണ മേഖലകളിലെ ജനങ്ങൾ കുടിവെള്ള ലഭ്യതയ്ക്ക് ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കലിലെ സാമ്പത്തിക പ്രതിസന്ധിയും കാലതാമസവും പരിഹരിക്കുന്നതിനായി അടിയന്തരവും ദീർഘകാലവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>ജല അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി</u>

1147 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;

(ബി) ജല അതോറിറ്റിക്ക് പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അടക്കം കോടിക്കണക്കിന് രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്നത് വസ്തുതയാണോ ; എങ്കിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>വാട്ടർ അതോറിറ്റിക്കായി വകയിരുത്തിയ തുക</u>

1148 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ വാട്ടർ അതോറിറ്റിക്കായി വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

## <u>പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്</u>

1149 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ടാപ്പുകൾക്കായി ഒരു സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് 2021-22 മുതൽ 2024-25 വരെ ഡിമാൻഡ് ചെയ്ത് വന്നിരുന്നത്; ഓരോ ജില്ലകളുടെയും വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇത് വരെ എത്ര ടാപ്പുകളാണ് വിച്ഛേദിച്ചത് ? ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ടാപ്പുകൾ വിച്ഛേദിച്ചതനുസരിച്ച് എത്ര തദ്ദേശ സ്ഥാപനങ്ങളുടെ വാട്ടർ ചാർജിൽ കുറവ് വരുത്തി ? ഇതിനെ തുടർന്ന് വാട്ടർ ചാർജിനത്തിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(ഡി) പൊതുടാപ്പുകൾ വിച്ഛേദിച്ചിട്ടും ഡിമാൻഡിൽ കുറവ് വരുത്താത്ത തദ്ദേശ സ്ഥാപനങ്ങളുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) എത്ര രൂപയാണ് നിലവിൽ തദ്ദേശസ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ചും, വർഷം തിരിച്ചും വിശദീകരിക്കാമോ;

(എഫ്) പൊതുടാപ്പുകൾ വിച്ഛേദിച്ചിട്ടും ജോയിന്റ് ഇൻസ്പെക്ഷനിൽ ടാപ്പുകളുടെ എണ്ണം കുറവാണെന്ന് കണ്ടെത്തിയിട്ടും ഡിമാൻഡിൽ കുറവ് വരുത്താത്ത തദ്ദേശ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജിനത്തിൽ കുറവ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) മഞ്ചേരി നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പൂർത്തിയായ പദ്ധതികൾ, അവശേഷിക്കുന്ന പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

## പൈപ്പ് പൊട്ടൽ മൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം

1150 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിതരണത്തിന് സ്ഥാപിച്ചിട്ടുള്ള ചെറുതും വലുതുമായ പൈപ്പുകൾ പൊട്ടുന്നതുമൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരത്തിൽ പൈപ്പ് പൊട്ടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾ

1151 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന്

വിശദമാക്കാമോ; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തുക വീതമാണ് പദ്ധതിയ്ക്കായി അനുവദിച്ചുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പഞ്ചായത്തിലും ജൽജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന വട്ടോളി ഇയ്യാട് റോഡ് പ്രവൃത്തി</u>

1152 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന വട്ടോളി ഇയ്യാട് റോഡ് പ്രവൃത്തിക്ക് ജലജീവൻ പ്രവൃത്തിയുടെ റീസ്റ്റോറേഷൻ ഫണ്ട് അനുവദിക്കാത്തത് കാരണം ആരംഭിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികൾക്ക് എത്ര തുകയാണ് സർക്കാർ അനുവദിക്കേണ്ടത്; ഇതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താൻ തയ്യാറാകുമോ; എങ്കിൽ പ്രസ്തുത തുക അനുവദിക്കുന്നതിനായി ഇതിനെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് വിശദമാക്കാമോ?

## <u>നാട്ടകം കുടിവെള്ള പദ്ധതി</u>

1153 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരമുള്ള നാട്ടകം കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) മണിപ്പുഴ ജംഗ്ഷൻ മുതൽ മറിയപ്പള്ളി ടാങ്ക് വരെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി പുനരാരംഭിക്കുന്നതിന് നാഷണൽ ഹൈവേ മോർത്തിൽ നിന്നും അനുമതി ലഭിച്ചോ; വ്യക്തമാക്കാമോ;

(സി) നാട്ടകം കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ സാധിക്കും?

## <u>വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെ പരിചരണം</u>

1154 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെയും പ്ലാന്റുകളുടെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ അറിയിക്കാമോ?

## <u>ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകർന്ന റോഡുകളുടെ പുനർനിർമ്മാണം</u>

1155 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി വെട്ടിപൊളിച്ച റോഡുകൾ നാളിതുവരെയും ഗതാഗത യോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ജൽജീവൻ പദ്ധതിയുടെ കരാറുകാർക്ക് കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സാധിക്കാതെ പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര രൂപയാണ് നിലവിൽ ഈ ഇനത്തിൽ കുടിശ്ശിക ഉള്ളതെന്നും തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**കയ്പമംഗലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

1156 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം പ്രദേശവാസികളുടെ കുടിവെള്ളം മുടങ്ങുന്ന സാഹചര്യം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ;

(ബി) നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുൻ ഉദ്ദേശിക്കുന്നത്;

(സി) 2025-26 ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തി പ്രഖ്യാപിക്കപ്പെട്ട കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനും പൂർത്തീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത് വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ പറമ്പന്തളി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**

1157 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിച്ച ശേഷം റെസ്റ്റോറേഷൻ പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി സംബന്ധിച്ച്.**

1158 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിൽ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി സംബന്ധിച്ച് മാനേജിങ് ഡയറക്ടർ 05.12.2025 ൽ കെ. ഡബ്ല്യൂ. എ./ജെ. ബി./968/2025-ഇ6 നമ്പരായി പുറത്തിറക്കിയ സർക്കുലർ നടപ്പാക്കുന്നതിലൂടെ കേരളത്തിലെ ശുദ്ധജല വിതരണ രംഗം താറുമാറാകാനിടയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കാൻ നിർദ്ദേശം നൽകുമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ പെരിനാട് കുടിവെള്ള പദ്ധതി

1159 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പെരിനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി സംഭരണി സ്ഥാപിക്കുന്നതിനുള്ള സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത പദ്ധതിക്ക് അനുവദിച്ച ആകെ തുക എത്ര ; സ്ഥലം വാങ്ങുന്നതിന് ചെലവഴിച്ച തുക എത്ര; സംഭരണി നിർമ്മാണത്തിന് അനുവദിച്ച തുക എത്ര എന്നിവ തരംതിരിച്ച് വിശദമാക്കാമോ;

(സി) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ പഞ്ചായത്തുകൾക്കാണ് പെരിനാട് കുടിവെള്ള പദ്ധതി പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പ്രവൃത്തികൾ

1160 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ

1161 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കായി സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ചു വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ?

## മത്സ്യ ലഭ്യതയിലെ ഇടിവ്

1162 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടുന്ന മത്സ്യത്തിന്റെ അളവ് എത്രയാണെന്നും നിലവിലെ മത്സ്യലഭ്യത എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് എന്നത്തേയ്ക്ക് മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കാമോ?

## ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

1163 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ?

## മത്സ്യസംസ്കരണവും മത്സ്യമേഖലയിലെ സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങളും

1164 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് പുതിയ മേഖലയിൽ നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ

1165 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതികൾക്ക്

അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ?

**കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

1166 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്തവും കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി വ്യക്തമാക്കാമോ;

(ബി) അടിക്കടി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം മൂലമുള്ള മുന്നറിയിപ്പുകൾ നിമിത്തം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ;

(സി) തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥ പ്രവചനങ്ങളിൽ ഉണ്ടാകുന്ന അവ്യക്തതയും സൂക്ഷ്മത ഇല്ലായ്മയും മൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

1167 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അഴീക്കോട് പൊമ്പാനോ ഫിൻഫിഷ് ഹാച്ചറിയുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ പൊതു കുളങ്ങളിൽ കൂടാതെ സ്വകാര്യ കുളങ്ങളിലും മത്സ്യ വിത്ത് നിക്ഷേപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ**

1168 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ഫിഷറീസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി**

1169 **ശ്രീ. കെ. ജെ. മാക്സി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധിക മത്സ്യലഭ്യതയ്ക്കായി കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലെ മത്സ്യബന്ധന കേന്ദ്രങ്ങളിലാണ് കൃത്രിമ പാര് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുൻകാലങ്ങളിൽ നിക്ഷേപിച്ച കൃത്രിമ പാര് മുഖേന മത്സ്യ ലഭ്യതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പുനർഗേഹം പദ്ധതി</u>

1170 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങളിൽ ടെട്രാപോഡ് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ആഴക്കടൽ മത്സ്യബന്ധനത്തിന് തദ്ദേശീയ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി</u>

1171 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ഇനത്തിൽ നിലവിൽ അനുവദിക്കുന്ന തുക എത്രയാണ്; ഈ തുക നിശ്ചയിച്ചത് എന്നാണ്; തുക നിശ്ചയിക്കുന്ന സമയത്ത് ഒരു ലിറ്റർ മണ്ണെണ്ണയുടെ വില എത്രയായിരുന്നു; മണ്ണെണ്ണ വില വളരെയധികം വർദ്ധിച്ചിട്ടും സബ്സിഡി നിരക്കിൽ വർദ്ധന വരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മണ്ണെണ്ണയുടെ വിലയ്ക്ക് അനുസൃതമായി സബ്സിഡി തുക ഉയർത്തി നിശ്ചയിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്റർ</u>

1172 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ 2.50 കോടി രൂപ വിനിയോഗിച്ച് വഴിയും പാർക്കിങ്ങ് ഏരിയയും സ്ഥലമേറ്റെടുത്തിട്ടുള്ളതും 1.50 കോടി രൂപയുടെ അനുബന്ധ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളതുമായ വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) വൈപ്പിൻ ഫിഷ് ലാന്റിങ്ങ് സെന്ററിന്റെ വഴിയ്ക്കായുള്ള രണ്ടാംഘട്ട സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1173 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതികളുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പ്രവൃത്തികൾ

1174 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പൂർത്തിയാക്കിയ പദ്ധതികൾ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ എന്നിവ തുക ഉൾപ്പെടെ രേഖപ്പെടുത്തി തരംതിരിച്ച് വിശദമായ മറുപടി നൽകാമോ?

## ചിറയിൻകീഴ് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1175 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ചിറയിൻകീഴ് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

1176 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എത്ര ഗുണഭോക്താക്കൾക്ക് ഇതുമൂലം വീടുകൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

**<u>ഫിഷറീസ് വകുപ്പ് ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

1177 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫിഷറീസ് വകുപ്പ് ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

**<u>മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനുള്ള നടപടി</u>**

1178 **ശ്രീ വി ജോയി**

**ശ്രീ എം മുകേഷ്**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനും മൂല്യവർധിത ഉല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര ഫിഷ്മാർട്ടുകൾ നിലവിലുണ്ട്; മത്സ്യസഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഫിഷ്മാർട്ടുകൾ സ്ഥാപിക്കുവാൻ നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ</u>**

1179 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ ഇതുവരെ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ നിന്ന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ പ്രവൃത്തികൾ</u>

1180 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാറശ്ശാല മണ്ഡലത്തിൽ മത്സ്യബന്ധനം, സാംസ്കാരികം, യുവജന ക്ഷേമം എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>കേന്ദ്രസർക്കാരിന്റെ മത്സ്യബന്ധന നയ പരിഷ്കരണം</u>

1181 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ ആഴക്കടലിലും തീരക്കടലിലും വിദേശ ട്രോളറുകൾ ഉൾപ്പെടെയുള്ള മത്സ്യബന്ധനയാനങ്ങൾക്ക് ട്രോളിംഗ് നടത്തുന്നതിന് അനുമതി നൽകുന്ന തരത്തിൽ മത്സ്യബന്ധന നയം കേന്ദ്രസർക്കാർ പരിഷ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതുക്കിയ മത്സ്യബന്ധന നയം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടാക്കിയിട്ടുള്ള ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളതീരത്തുനിന്ന് ലഭിക്കുന്ന മത്സ്യസമ്പത്ത് വൻകിട കപ്പലുകളിൽ വച്ചുതന്നെ വിപണനം നടത്തുന്നതിനും ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുമുള്ള അനുമതി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ;

(ഡി) കേരളതീരത്ത് നിന്ന് ലഭിക്കുന്ന മത്സ്യസമ്പത്ത് സംസ്ഥാനത്തിന്റെ പ്രകൃതിവിഭവമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ; വിശദീകരിക്കുമോ?

## <u>മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

1182 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

**പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട് , ഫിഷ് ലാൻഡിങ് നിർമ്മാണം**

1183 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശത്ത് പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പരപ്പനങ്ങാടി ആലുങ്ങൽ, ചാപ്പപ്പടി ഭാഗത്ത് ഫിഷ് ലാൻഡിങ് സെന്ററുകളുടെ പുനർനിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഈ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുകയും ഫയൽ നമ്പറും ഫയലിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുള്ള നടപടികളും ഫയലിന്റെ നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ;

(ഡി) ഫിഷ് ലാൻഡിങ് സെന്ററുകളുടെ എസ്റ്റിമേറ്റ് തുകകളും ഫയൽ നമ്പറുകളും പ്രസ്തുത ഫയലുകളിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുള്ള നടപടികളും ഫയലുകളുടെ നിലവിലെ പൊസിഷനും സഹിതം വിശദമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതികൾ**

1184 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ/പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അഴീക്കോട് മണ്ഡലത്തിൽ ഗുണഭോക്താക്കളായിട്ടുള്ളവരുടെ എണ്ണം, ഏതൊക്കെ പദ്ധതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**മുതലപ്പൊഴിയിലെ അപകടങ്ങൾ**

1185 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ മുതലപ്പൊഴിയിൽ മത്സ്യബന്ധനത്തിനിടെ ഉണ്ടായ അപകടങ്ങളിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മുതലപ്പൊഴിയിൽ അപകടങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നതിന്റെ കാരണം എന്താണെന്ന് ശാസ്ത്രീയമായി പഠനം നടത്തി കണ്ടെത്തിയിട്ടിട്ടുണ്ടോ; പ്രശ്നം പരിഹരിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

**ആഴക്കടൽ മത്സ്യബന്ധന നയം**

1186 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 1977 മുതൽ 2014 വരെ സമർപ്പിക്കപ്പെട്ട നാല് വിദഗ്ധ സമിതി റിപ്പോർട്ടുകൾ സർക്കാർ സ്വീകരിക്കാതിരുന്നതിന് പിന്നിലെ കാരണം എന്താണ്; പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇനി നടപടികൾ സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇന്ത്യൻ എക്സ്ക്ലൂസിവ് എകണോമിക് സോൺ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന വലിയ വ്യവസായ മത്സ്യബന്ധന കപ്പലുകൾ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഉപജീവനത്തെ ഗുരുതരമായി ബാധിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ പഠനങ്ങളോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ആഴക്കടൽ മത്സ്യബന്ധന നയത്തിന്റെ ഭാഗമായി ഫാക്ടറി ട്രോളറുകൾക്കും വലിയ കപ്പലുകൾക്കും അനുമതി നൽകുന്നത് കേരളത്തിലെ മത്സ്യസമ്പത്ത് കുറയാൻ കാരണമാകുമെന്ന ആശങ്ക ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഈ പശ്ചാത്തലത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ;

(ഡി) തീരദേശ മേഖലയിൽ നേരിട്ടും പരോക്ഷമായും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഏകദേശം 15 ലക്ഷം ആളുകളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന നയത്തിൽ സർക്കാർ ഏതൊക്കെ സംരക്ഷണ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്നതിന് മുമ്പ് പരമ്പരാഗത മത്സ്യതൊഴിലാളി സംഘടനകളുമായോ സഹകരണ സംഘങ്ങളുമായോ സർക്കാർ സമഗ്രമായ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പരമ്പരാഗത മത്സ്യതൊഴിലാളികളുടെ അറിവും അനുഭവസമ്പത്തും പരിഗണിക്കാതെ രൂപപ്പെടുത്തിയ ആഴക്കടൽ മത്സ്യബന്ധന നയം സാമൂഹിക അസമത്വവും തൊഴിൽ നഷ്ടവും സൃഷ്ടിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയം പുന:പരിശോധിക്കാൻ സാധ്യതയുണ്ടോയെന്ന് അറിയിക്കുമോ?

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗമായിരുന്ന കൊച്ചു സദാശിവന്റെ കുടുംബത്തിന് മരണാനന്തര ആനുകൂല്യങ്ങൾ

1187 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമത്തിൽ നിന്നുള്ള തൊഴിലാളിയും 1999 മുതൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗവുമായിരുന്ന കൊച്ചു സദാശിവൻ 2017 നവംബറിൽ മരണപ്പെട്ടതിന് ശേഷം അദ്ദേഹത്തിന്റെ കുടുംബത്തിന് മത്സ്യത്തൊഴിലാളി

ക്ഷേമനിധി ബോർഡിലൂടെ ലഭിക്കേണ്ട മരണാനന്തര ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്യാത്തതിന് കാരണം വിശദമാക്കാമോ;

(ബി) അദ്ദേഹത്തിന്റെ ഭാര്യ സുമതി കുഞ്ഞു കുഞ്ഞ് (കുടിലിൽ, കപ്പിക്കാട്, കല്ലറ, കോട്ടയം) ബഹു. മന്ത്രിക്ക് സമർപ്പിച്ച 03/11/2025 തീയതിയിലെ നം.231/ വി.ഐ.പി/2025 നമ്പർ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത നിവേദനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; ഈ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വ്യക്തമായ സമയപരിധി നിശ്ചയിക്കുമോ;

(സി) നിരവധി തവണ ബന്ധപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന അപേക്ഷകയുടെ പരാതി ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) അപേക്ഷകയുടെ ദയനീയമായ ആരോഗ്യസ്ഥിതിയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി മരണാനന്തര ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) സമാനമായി മരണാനന്തര ആനുകൂല്യങ്ങൾ വൈകിപ്പിക്കപ്പെട്ട മറ്റ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

1188 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിലൂടെ പ്രാദേശിക തൊഴിൽ വർദ്ധിപ്പിക്കാനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നൂതന മത്സ്യ കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദനത്തിനും വിതരണത്തിനും മത്സ്യ ഇനങ്ങളിലെ വൈവിദ്ധ്യവൽക്കരണത്തിനും ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ബാലുശ്ശേരി കൂരാച്ചുണ്ട് കല്ലാനോട് ഫിഷ് ഹാച്ചറിയുടെ നവീകരണം**

1189 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് കല്ലാനോട് ഫിഷ് ഹാച്ചറിയുടെ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>കടൽമാക്രികൾ മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി</u>**

1190 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വലകൾ കടൽമാക്രികൾ നശിപ്പിക്കുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കടൽമാക്രികൾ ഇത്തരത്തിൽ വർദ്ധിച്ചുവരുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>**

1191 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് നിലവിലെ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി അനുവദിച്ചു വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>**

1192 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻസർക്കാരിന്റെ കാലത്തും മത്സ്യബന്ധനം, സാംസ്കാരിക കാര്യം, യുവജനകാര്യം എന്നീ വകുപ്പുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, പ്രവൃത്തികളുടെ പേര്, അവയുടെ പുരോഗതി എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരവും പുരോഗതിയും ലഭ്യമാക്കാമോ?

## മത്സ്യസമ്പത്ത് സംരക്ഷണം

1193 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ

1194 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2021 ജൂൺ മാസത്തിന് ശേഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ എതൊക്കെയെന്നും അനുവദിച്ച തുകയെത്രയെന്നും വിശദമാക്കാമോ?

## സമുദ്ര മത്സ്യോല്പാദനത്തിന്റെ കുറവും മത്സ്യബന്ധന മേഖലയുടെ ആധുനികവത്കരണവും

1195 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രമത്സ്യത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സമുദ്ര മത്സ്യോല്പാദനം കുറയുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മത്സ്യബന്ധന മേഖലയുടെ ആധുനികവത്കരണവും വികസനവും ലക്ഷ്യമാക്കി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

## മത്സ്യത്തിന്റെ ഗുണമേന്മ പരിശോധനാ സ്ട്രിപ്പുകൾ

1196 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മത്സ്യത്തിന്റെ ഗുണമേന്മ ഉപഭോക്താക്കൾക്ക് നേരിട്ട് പരിശോധിച്ചു ബോധ്യപ്പെടാൻ സഹായിക്കുന്ന സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ട്രിപ്പുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കണ്ടെയ്നർ മുങ്ങിയതിനെ തുടർന്ന് മത്സ്യ തൊഴിലാളികൾക്ക് ക്ഷാമാശ്വാസ സഹായം

1197 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ തൊഴിലിൽ ഏർപ്പെട്ടുമ്പോൾ കണ്ടെയ്നർ മുങ്ങിയതിനെ തുടർന്ന് വള്ളത്തിനും വലയ്ക്കും നാശനഷ്ടം സംഭവിക്കുകയും തുടർന്ന് രണ്ടുമൂന്ന് വള്ളക്കാർ (കാരുണ്യ, സംസം മുതലായവ) നിരന്തരം പരാതി സമർപ്പിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ക്ഷാമാശ്വാസ സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

## <u>കൊല്ലം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ</u>

1198 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>ഹരിപ്പാട് മണ്ഡലത്തിൽ ഫിഷറീസ്/ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പദ്ധതികൾ</u>

1199 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ റോഡുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത വിവിധ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഇപ്പോൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധ പ്രവർത്തനങ്ങൾക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ഈ ഫിഷിംഗ് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>അരൂർ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ വിവിധ പ്രവൃത്തികൾ</u>

1200 **ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണം

1201 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച റോഡുകളും അവയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും 2026 മാർച്ച് 31 നകം പൂർത്തീകരിക്കുവാൻ സാധിക്കുന്നവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് അനുവദിച്ചത്; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; ഇവയ്ക്കായി ആകെ എത്ര രൂപയാണ് അനുവദിച്ചതെന്നറിയിക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ആകെ അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

1202 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ആവിക്കൽതോട് നവീകരണത്തിന് നീക്കിവെച്ച തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി

1203 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആവിക്കൽതോട് നവീകരണത്തിന് നീക്കിവച്ച 5 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിലിവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ മിനി ഹാർബർ നിർമ്മാണം

1204 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2025-26 ബജറ്റിൽ പ്രഖ്യാപിച്ച മിനി ഹാർബറിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

1205 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന റോഡ് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക, ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ, ഓരോ പ്രവർത്തിയുടെയും നിർമ്മാണ പുരോഗതി എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ മലപ്പുറം ജില്ലയിൽ ഫിഷറീസ്, ഹാർബർ എൻജിനീയറിങ് വകുപ്പുകൾ മുഖേന റോഡുകളും മറ്റും നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ പേരുകൾ, ആയത് അനുവദിച്ച നിയോജക മണ്ഡലം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണാനുമതി തുക, നിർമ്മാണ പുരോഗതികൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഹാർബർ എഞ്ചിനീയറിങ്, ഫിഷറീസ് വകുപ്പുകൾ മുഖേനയുള്ള റോഡുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

## കുണ്ടറയിൽ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം

1206 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിനായി കുണ്ടറ ടെക്നോപാർക്കിനോട് ചേർന്ന പത്തേക്കർ ഭൂമിയും കെട്ടിടത്തിനുള്ള തുകയും അനുവദിച്ചിട്ട് പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടാനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രം, കുണ്ടറ മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് താൽക്കാലികമായി ആരംഭിക്കുന്നതിനായി ഫിഷറീസ് സർവകലാശാല അധികൃതർ കെട്ടിട പരിശോധന നടത്തിയതിനു ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നാളിതുവരെയായിട്ടും പ്രസ്തുത പ്രാദേശിക കേന്ദ്രം, പേരയത്ത് കണ്ടെത്തിയിട്ടുള്ള വാടക കെട്ടിടത്തിൽ താത്കാലികമായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

## പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം

1207 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## ശ്രീനാരായണഗുരു നവോത്ഥാന സാംസ്ക്കാരിക സമുച്ചയത്തിന്റെ പ്രവർത്തനം

1208 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

## സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ

1209 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക രംഗത്ത് നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കിളിമാനൂരിൽ രാജാ രവിവർമ്മ സ്മാരക നിർമ്മാണം

1210 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വപ്രസിദ്ധ ചിത്രകാരനായ രാജാരവിവർമ്മയുടെ ജന്മനാടായ കിളിമാനൂരിൽ സമുചിത സ്മാരകം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## സാംസ്കാരിക രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

1211 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ദെലീമ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക രംഗത്ത് എന്തൊക്കെ പദ്ധതികളാണ് സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) കേരളത്തിലെ തനത് കരകൗശല കലാ സാംസ്കാരിക പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നതിനും കരകൗശല കലാകാരൻമാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരം മാനവീയം വീഥി സാംസ്കാരിക ഇടനാഴിയുടെ മാതൃകയിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## പരമ്പരാഗത കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും

1212 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ, അവയുടെ ലക്ഷ്യങ്ങൾ, ചെലവ് എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) യുവകലാകാരന്മാർക്കും കലാസാംസ്കാരിക പ്രവർത്തകർക്കും സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, ഫെലോഷിപ്പ് എന്നീ ഇനങ്ങളിൽ 2021 മുതൽ നാളിതുവരെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലകളിലെ കലാകാരന്മാരെയും യുവപ്രതിഭകളെയും കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള തീരുമാനമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സാംസ്കാരികനിലയ നിർമ്മാണം

1213 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരളീയ കലകളുടെ പഠനത്തിനും പ്രചാരണത്തിനും ഡിജിറ്റൽ ആർട്ട് സ്കൂൾ

1214 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തിന്റെ ഏത് കോണിൽ ജീവിക്കുന്നവർക്കും കേരളീയ കലകൾ പഠിക്കുന്നതിനും കേരളീയ സംസ്കാരത്തെക്കുറിച്ച് അറിവ് നേടുന്നതിനും അവസരമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കേരളീയ കലാരൂപങ്ങൾ പഠിക്കാനും പരിശീലിക്കാനും ഡിജിറ്റൽ സർവകലാശാലയുടെ സഹകരണത്തോടെ ഡിജിറ്റൽ ആർട്ട് സ്കൂൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ ആർട്ട് സ്കൂളിലൂടെ ഏതെല്ലാം കേരളീയ കലകളുടെ പരിശീലനത്തിനാണ് ഓൺലൈൻ സംവിധാനം ഒരുക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കേരളീയ കലകളുടെ ആഗോളതലത്തിലുള്ള പ്രചരണത്തിനും വിവിധ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനും ഈ പദ്ധതി സഹായകമാകുമോ; വിശദമാക്കാമോ?

## കായംകുളത്ത് തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണം

1215 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിൽ നിർമ്മിക്കുന്ന തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്നും നിർമാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദീകരിക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ

1216 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

1217 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് അഴീക്കോട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയത്, പുരോഗമിക്കുന്നത്, ആരംഭിക്കാനുള്ളത് എന്നിങ്ങനെ തരംതിരിച്ച് തുക ഉൾപ്പെടെ രേഖപ്പെടുത്തി വിശദമായ മറുപടി ലഭ്യമാക്കാമോ?

## അബ്ദുറഹിമാൻ സ്മാരക സാംസ്കാരിക സമുച്ചയം

1218 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക സമുച്ചയം എത്രയും വേഗം യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## സാംസ്കാരിക വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

1219 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സാംസ്കാരിക വകുപ്പിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും മറ്റ് രീതിയിൽ താൽക്കാലികമായും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ തസ്തികയിലും നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും ജില്ല തിരിച്ചും തസ്തിക തിരിച്ചും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രീതിയിൽ നിയമിക്കപ്പെട്ട ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏത് തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയതെന്നും ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്നും ജില്ല തിരിച്ച്, തസ്തിക തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ വകുപ്പിൽ നടന്നിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏത് തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് എത്തിയതെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## കൂത്തുപറമ്പ് പാട്യത്തെ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം

1220 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗ്ഭടാനന്ദ ഗുരുവിന്റെ ജന്മദേശമായ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യത്ത് നിർമ്മിക്കുന്ന വാഗ്ഭടാനനന്ദ സാംസ്കാരിക സമുച്ചയത്തിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയ നിർമ്മാണ നടപടികൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

## ചാലക്കുടിയിൽ കലാഭവൻമണി സ്മാരക നിർമ്മാണം

1221 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന്റെ നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ;

(ബി) സ്മാരക നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>മട്ടന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

1222 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>യുനസ്കോ സാംസ്കാരിക നഗരമായി പ്രഖ്യാപിച്ച കോഴിക്കോടിന്റെ വികസനം</u>**

1223 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനെ ഇന്ത്യയിലെ ആദ്യത്തെ സാംസ്കാരിക നഗരമായി യുനസ്കോ പ്രഖ്യാപിച്ചതിന് അനുബന്ധമായി ഈ മേഖലയുടെ വികസനത്തിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മാനാഞ്ചിറ മൈതാനവും പബ്ലിക് ലൈബ്രറിയും ചേർന്നൊരു സാഹിത്യ ഇടനാഴി എന്ന പദ്ധതി യാഥാർഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

**<u>കൊണ്ടോട്ടി മോയിൻ കുട്ടി വൈദ്യർ അക്കാഡമി കെട്ടിട നവീകരണം</u>**

1224 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മോയിൻ കുട്ടി വൈദ്യർ അക്കാഡമിയുടെ പഴയ കെട്ടിടം ചോർന്നൊലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നവീകരിക്കുന്നതിന് വേണ്ടി എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നവീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

**<u>കേരള ചലച്ചിത്ര അക്കാദമിയിൽ വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി</u>**

1225 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയിലെ സാങ്കേതിക മേഖലകളിൽ സ്ത്രീ സാന്നിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കേരള ചലച്ചിത്ര അക്കാദമി വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സാങ്കേതിക മേഖലകളിലാണ് വനിതകൾക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ എത്ര വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>പേരാമ്പ്ര നിയോജക മണ്ഡലത്തിൽ കെ. എസ്. എഫ്. ഡി. സി. യുടെ മൾട്ടിപ്ലക്സ് തിയേറ്റർ നിർമാണം</u>**

1226 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കെ. എസ്. എഫ്. ഡി. സി. യുടെ മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി ഈ പ്രവൃത്തിക്ക് എന്ന് അനുമതി നല്കിയെന്നും എത്ര കോടി രൂപയുടെ ധനകാര്യ അനുമതിയാണ് ഇതിനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് വേണ്ടി ഇറിഗേഷൻ വകുപ്പ് പാട്ടത്തിന് നല്കിയ ഭൂമിയിൽ ഇതുവരെ എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ടന്ന് വിശദമാക്കാമോ;

(ഡി) പ്രവൃത്തികൾ എന്നുമുതൽ തുടങ്ങിയെന്നും എന്നേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

**<u>ഐ. എഫ്. എഫ്. കെ.യുടെ നടത്തിപ്പിനായി സ്വകാര്യ സിനിമാ തീയേറ്ററുകളുടെ ഉപയോഗം</u>**

1227 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എഫ്. എഫ്. കെ.യുടെ നടത്തിപ്പിനായി എത്ര സ്വകാര്യ സിനിമാ തീയേറ്ററുകൾ ഉപയോഗിക്കേണ്ടി വരുന്നുണ്ടെന്നും ആയതിന് വേണ്ടിവരുന്ന ശരാശരി ചെലവെത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഐ. എഫ്. എഫ്.കെ.യുമായി ബന്ധപ്പെടുത്തി ഒരു തീയറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ തീയറ്റർ സമുച്ചയം സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കലാകാരന്മാരുടെ ക്ഷേമനിധി</u>**

1228 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാരകാരന്മാരുടെ ക്ഷേമനിധിയിൽ ആംഗങ്ങളായവർക്ക് ക്ഷേമനിധി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കലാരകാരന്മാരുടെ ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട കലാകാരന്മാർക്കാണ് നിലവിൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുക;

(സി) നിലവിൽ ആകെ എത്ര അംഗങ്ങളാണ് കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്;

(ഡി) ക്ഷേമനിധി അംഗത്വത്തിനായി നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതായി എത്ര അപേക്ഷകളാണ് ക്ഷേമനിധിയിൽ നിലവിലുള്ളത്;

(ഇ) ക്ഷേമനിധിയിൽ ലഭിക്കുന്ന വിവിധ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ വിഭാഗത്തിൽപ്പെട്ട അപേക്ഷകളും തീർപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ച് നിലവിൽ തീർപ്പാകാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ പദ്ധതികൾ

1229 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ യുവജന ക്ഷേമബോർഡ് മുഖേന 2021 മുതൽ നാളിതുവരെയായി സംഘടിപ്പിച്ച പരിപാടികളുടെ എണ്ണം, ചെലവ് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## യുവജന ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1230 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി 2021 മുതൽ 2026 വരെ സർക്കാർ അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1231 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനകാര്യ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞതിൽ ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
25-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].